

# MTDMHSS THONDERNAD


WELCOME

# *PILE OF MEMORIES*

*Little kites*
*M.T.D.M.H.S.S*
*Thondernad*

## BEST WISHES FROM

- ANILKUMAR [ H M]
- BIJU P T K [
- THOMAS I C [ little kites master]
- SINI P JOHN [little kites mistress]

## EDITORIAL BOARD

- CHANDANA S
- ELDO BABU
- JOEL K M
- NIDHA FATHIMA
- RIDHA FATHIMA

# CONTENT


| CONTENT | Pg .no |
|---|---|
| ➢ Preface | 6-7 |
| ➢ Best wishes | 8 |
| ➢ Artificial Intelligence | 9-12 |
| ➢ Periodic table | 13-17 |
| ➢ Poem | 18-24 |
| ➢ Geometrical Chart | 25-26 |
| ➢ Biography | 27-28 |
| ➢ Crayon Painting | 29 |
| ➢ Pencil Drawing | 30-32 |
| ➢ Story | 33-96 |
| ➢ Calligraphy | 97 |
| ➢ Essay | 98-107 |
| ➢ Throughout the year | 108 |
| ➢ Thankyou | 109 |

<u>PREFACE</u>

വിവരസാങ്കേതികവിദ്യ
ലോകമെമ്പാടുംകുതിച്ചുയരുന്ന
ഈസാഹചര്യത്തിൽപുതുതലമുയെ
വിദ്യയുടെ മികവിലേക്ക്ഉയർത്തുക
എന്നലക്ഷ്യത്തോടെപൊതുവിദ്യാഭാസ
വകുപ്പ് നടപ്പിലാക്കിവരുന്ന ലിറ്റൽ
കൈറ്റ്സ് ഞങ്ങളുടെ സ്കൂളിലും
നടപ്പിലാക്കിവരുന്നു. ലിറ്റൽ കൈറ്റ്സിന്റെ
ഈ വർഷത്തെ വിവിധ പ്രവർത്തനങ്ങളെ
അനുമോദിക്കുന്നു.ഞങ്ങളുടെ
വിദ്യാർഥികളുടെ പ്രവർത്തനങ്ങളിൽ
ഒന്നായ ഇ-മാഗസിൻ നിർമിച്ചു
പ്രസിദ്ധീകരിക്കുന്നതിൽ

അതിയായസന്തോഷമറിയിക്കുന്നു .കൈറ്റ് മാഗസിൻ നിർമാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും മറ്റു വിദ്യാർഥികൾക്കുമുള്ള അഭിനന്ദനങ്ങൾ പ്രത്യേകംഅറിയിക്കുന്നു.വിവരസാങ്കേതിക വിദ്യയിൽ കഴിവും അഭിരുചിയുമുള്ള ഒരു പുതിയ തലമുറയെ രൂപപെടുത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ കഴിയട്ടെ എന്ന് ആശംസിക്കുന്നു

## ഒരു വാക്ക്

**പ്രിയപ്പെട്ട വിദ്യാർത്ഥികളെ വർഷങ്ങൾക്കുമുമ്പ്ഞാനൊക്കെ സ്കൂളിൽ പഠിക്കുന്ന കാലത്ത് കമ്പ്യൂട്ടർ എന്താണെന്ന് പുസ്തകങ്ങളിൽ മാത്രമാണ് കണ്ടിരിക്കുന്നത് വളരെ ധനികരായ വീടുകളിൽ മാത്രമാണ് കമ്പ്യൂട്ടർ കാണപ്പെടുന്നത് എന്നാൽ ഇന്ന് എല്ലാ വിദ്യാർത്ഥികൾക്കും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ലാപ്ടോപ്പുകൾ ലഭ്യമായി കൊണ്ടിരിക്കുന്നു ആ ലാപ്ടോപ്പുകൾ എല്ലാം വെച്ച്  പൊതുവിദ്യാഭ്യാസ വകുപ്പ് 2017-ൽ തുടങ്ങിയ ഒരു മഹത്തായ സംരംഭമാണ് little kites. Kites എന്നു പറഞ്ഞാൽ പട്ടമെന്നാണ് അതായത് വാനോളം ഉയരുവാൻ ഇതിൽ പ്രവർത്തിക്കുന്ന എല്ലാ അംഗങ്ങൾക്കും ക്ലബ്ബിനും പട്ടം പോലെ വാനോളം ഉയരുവാൻ കഴിയട്ടെ, ഉയരങ്ങളിൽ പറക്കട്ടെ ഒരു വലിയ വിജയമായി തീരട്ടെ എന്ന് ഞാൻ ആശംസിക്കുന്ന**



**BIJU P T K[H M]**




# ARTIFICIAL INTELLIGENCE

കമ്പ്യൂട്ടർ സയൻസിന്റെ പിതാവായി നമുക്ക് അറിയാവുന്ന അലൻ ട്യൂറിങ് തന്നെയാണ്  ചിന്തിക്കുന്ന യന്ത്രങ്ങൾ എന്ന ആശയത്തിന് ജന്മം നൽകിയത്

1950 ട്യൂറിംഗ് ജന്മം നൽകിയ ട്യൂറിംഗ് ടെസ്റ്റ് ആണ് ഇന്നും കൃത്രിമ ബുദ്ധിയെ തിരിച്ചറിയുന്നതിനായി  നമ്മൾ


ഉപയോഗിക്കുന്നത് എന്നിരിക്കിലും
1955 ൽ ജോൺ മക്കാർത്തി എന്ന
കമ്പ്യൂട്ടർ ശാസ്ത്രജ്ഞനാണ്
ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്ന
പദം ആദ്യമായി ഉപയോഗിച്ചതും
അതിനെ നിർവചിച്ചതും AI കളെ
പ്രധാനമായും രണ്ടായി തരം തിരിക്കാം
ഇതിൽ ആദ്യത്തേത് Narrow AI ആണ്
പലപ്പോഴും ഇത്തരം കൃത്രിമ ബുദ്ധികളെ
Weak AI എന്നും വിളിക്കാറുണ്ട് ഉണ്ട്
ഇത്തരം AI കൾ ഒരു പ്രത്യേക
സന്ദർഭത്തിനു ചേരും വിധം
നിർമ്മിച്ചതാണ് ഇവ മനുഷ്യബുദ്ധി
എന്ന് തോന്നുന്ന തരത്തിലുള്ള
പെരുമാറ്റം കാഴ്ച വെച്ചു എന്നു വരാം
പക്ഷേ അവക്ക് അവയുടെ സന്ദർഭത്തിനു

പുറത്തു പ്രവർത്തിക്കാൻ കഴിയുകയില്ല ഇത്തരത്തിലുള്ള AI കൾ യഥാർത്ഥത്തിൽ നമുക്ക് സുപരിചിതർ ആണ് നമ്മുടെയെല്ലാം സ്മാർട്ട് ഫോണിൽ ഉള്ള ഗൂഗിൾ അസിസ്റ്റൻറ് ഇത്തരത്തിലുള്ള ഉള്ള Narrow AI ആണ് ആപ്പിൾ ഐഫോണുകൾ ഇൽ ഉള്ള siri ചിരി ആമസോൺ വികസിപ്പിച്ചെടുത്ത alexa തുടങ്ങിയ പേഴ്സണൽ അസിസ്റ്റൻറ് കൾ മറ്റ് ഉദാഹരണങ്ങളാണ് Narrow AI യെ പറ്റി സംസാരിക്കുമ്പോൾ ധാരാളമായി കേൾക്കുന്ന രണ്ടു പദങ്ങളാണ് മെഷീൻ ലേണിങ് എന്നതും ഡീപ് ലേർണിംഗ് എന്നതും കൃത്രിമബുദ്ധി നമ്മൾ പറഞ്ഞതുപോലെ മനുഷ്യബുദ്ധിയെ

പോലെ പെരുമാറുകയും മനുഷ്യബുദ്ധിയെ അനുകരിക്കാൻ ശ്രമിക്കുക ചെയ്യുന്ന പ്രോഗ്രാമുകൾ അല്ലെങ്കിൽ അൽ ഗോരിതങ്ങളാണ് ഇത്തരത്തിൽ ഒരു കൂട്ടം അൽഗോരിതങ്ങളെ നമ്മൾ മെഷീൻ ലേർണിംഗ് അൽഗോരിതങ്ങൾ എന്ന് വിളിക്കും

-Eldo Babu
X-A

# PERIODIC TABLE




1805 ലാണ് ജോൺ ഡാൽട്ടൻ ആറ്റം സിദ്ധാന്തം മുന്നോട്ടുവയ്ക്കുന്നത് എല്ലാ മൂലകങ്ങളും ആറ്റങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു ആറ്റത്തെ നിർമ്മിക്കാനോ നശിപ്പിക്കാനോ സാധ്യമല്ല മൂലകത്തിന് ഏറ്റവും ചെറിയ കണിക ആണ് ആറ്റം വിഭജിക്കാൻ കഴിയാത്തത് എന്ന അർത്ഥം വരുന്ന

ആറ്റമോസ് എന്ന ഗ്രീക്ക് പദത്തിൽ

നിന്നാണ് ആറ്റം എന്ന വാക്ക് ഉണ്ടായത്

എന്നാൽ ആറ്റത്തെ വിഭജിക്കാൻ കഴിയും

എന്ന് കണ്ടെത്തുന്നത് 1897 ൽ

ജെ ജെ തോംസൺ ഇലക്ട്രോൺ

കണ്ടെത്തുന്നതോടെകൂടിയാണ് 1911

റുഥർഫോർഡ് പ്രോട്ടോൺ കണ്ടെത്തി

ആ വർഷം തന്നെയാണ് ന്യൂക്ലിയസ്

കണ്ടെത്തിയത് 1932 ലാണ് ജെയിംസ്

ചാദ്വിക ന്യൂട്രൺ കണ്ടെത്തിയത് 17-18

നൂറ്റാണ്ടിലാണ് ആധുനിക രസത്തിന്

അടിസ്ഥാനം രൂപപെടുന്നത് എന്ന

വസ്തുത നാം തിരിച്ചറിയണം മൂലകങ്ങളുടെ

കണ്ടുപിടുത്തമാണ് പട്ടികപ്പെടുത്തുന്ന

ആവശ്യത്തിന് ശാസ്ത്രജ്ഞന്മാരെ

നയിച്ചത് എന്ന് നാം

മനസ്സിലാക്കണം1660 ശേഷമാണ് കൂടുതൽ മൂലകങ്ങൾ കണ്ടെത്തിയത് ആദ്യത്തെ 92 മൂലകങ്ങൾ പ്രകൃതിയിലുള്ളവായാണ് ആധുനിക ആവർത്തന പട്ടികയിൽ 118 മൂലകമാണ് ഉള്ളത് 92 ന് ശേഷമുള്ള 26 മൂലകങ്ങൾ മനുഷ്യൻ കൃത്രിമായി നിർമ്മിച്ചവായാണ്

**ആദ്യപട്ടിക ലാവോസിയുടേത്**

1789 33 മൂലകങ്ങളെ ഉൾപ്പെടുത്തി ലാവോസി ഉണ്ടാക്കിയ പട്ടികയാണ് ആദ്യത്തേത് മൂലകങ്ങളെ ലോഹങ്ങൾ എന്നും അലോഹങ്ങൾ എന്നും തിരിച്ച ഉപലോഹങ്ങൾ കണ്ടുപിടിക്കപ്പെട്ടപ്പോൾ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ സ്ഥലം ഇല്ലാതായി

## Law of octaves

ബ്രിട്ടീഷ് രസതന്ത്രജ്ഞനായ ജോൺ ന്യൂലാൻഡ്‌ 1864 62 മൂലകങ്ങളെ വർഗീകരിച്ച മാസ് നമ്പറിന്റെ അടിസ്ഥാനത്തിൽ മൂലകങ്ങളുടെ ഭൗതിക സ്വഭാവം എട്ടിന്റെ ഗുണിതത്തിൽ ആവർത്തിക്കും എന്നതാണ് അഷ്ടകനിയമം

**മെൻഡെലീവ് ആവർത്തനപട്ടികയുടെ പിതാവ്**

ലോതർ മേയർ ആണ് ആദ്യ ആവർത്തനപ്പട്ടിക രൂപപ്പെടുത്തിയ ഏതെങ്കിലും മെൻഡലീഫ് ആണ് ആദ്യം പ്രസിദ്ധീകരിച്ചത് എന്നതുകൊണ്ട് ആവർത്തനപട്ടികയുടെ പിതാവ് എന്ന

പദവി ലഭിച്ചത്. ബ്രിട്ടനിലെ റോയൽ സൊസൈറ്റി രണ്ടുപേരും സ്വർണ്ണമെഡൽ നൽകി ആദരിച്ചു

1869 മാർച്ച് ഒന്നിനാണ് മെൻഡെലീവ് ആവർത്തന പട്ടിക പ്രസിദ്ധീകരിച്ചത്

അന്ന് അറിയപ്പെട്ടിരുന്ന 63 മൂലകങ്ങളെ ആറ്റോ മാ സിന്റെ ആരോഹണക്രമത്തിൽ ആണ് ക്രമീകരിച്ചത് സമാന ഗുണങ്ങൾ വരുന്ന മൂലകങ്ങളെ കുത്തനെയുള്ള ഗ്രൂപ്പുകളാക്കി എട്ടു കോളം 6 നിരകളും ഉണ്ടായിരുന്നു ഇങ്ങനെ ക്രമീകരിച്ചപ്പോൾ മൂലകങ്ങളുടെ ഭൗതിക രാസഗുണങ്ങൾ ക്രമമായ ഇടവേളയിൽ ആവർത്തി വരുന്നതായി കണ്ടു ഈ ക്രമീകരണം മൂലകങ്ങളെ കുറിച്ചുള്ള പഠനം

എളുപ്പമാക്കി. ചില മൂലകങ്ങളുടെ
അറ്റോമിക മാസിന്റെ ആരോ ഹണ ക്രമം
വ്യക്തമായി പാലിക്കപ്പെട്ടില്ല
നിർണയിച്ചത് അപാകതയാണ്
കണ്ടെത്തുകയും പുനർനിർണയം ചെയ്തു

-JOEL&RIDHA
X-A

POEM




# യാത്ര

നിശബ്ദതയുടെ ചങ്ങലക്കെട്ടിൽ

അനന്തതയുടെ ചിറകടിയൊച്ച....

കത്തിക്കാളുന്ന സൂര്യന്റെ തീഷ്ണത

ഉച്ചിയിൽ തിളയ്ക്കുമ്പോഴും

എത്തിച്ചേരുവാനുള്ള വ്യഗ്രത...

നാഴികമണി യുടെ താളങ്ങൾ

കേൾക്കാനില്ല ..

നിരാശയുടെ നിശ്വാസങ്ങൾ മാത്രം

കത്തിയെരിയുന്ന വയറിന്റെ

നിമ്നോന്നതങ്ങൾ

താരാട്ടുപാട്ടാക്കി തളർന്നു

മയങ്ങുന്ന കുരുന്നു ചുണ്ടുകൾ..
കീറിപ്പറിഞ്ഞ കുപ്പായത്തിനുള്ളിൽ
ചോർന്നു പോയ ബാല്യത്തിന്റെ
ദൈന്യത..
യാത്രയാണ്...എന്നെന്നോ..
എങ്ങിനെ എന്നോ...നിശ്ചയം
ഇല്ലാത്ത യാത്ര...
വള്ളിപൊട്ടാറായ
റബ്ബർചെരുപ്പിന്റെ
തുളകൾക്കിടയിലൂടെ
പൊള്ളികുമിളിപ്പിക്കാനുള്ള
ചരൽക്കല്ലിന്റെ വ്യഗ്രത...
ജീവിതം.....അതു
കരുപ്പിടിപ്പിക്കാൻ വന്നതാണ്..
പ്രിയരേയും കരയെയും വിട്ടകന്നു..
കൊറോണയുടെ തീവ്രത
കൂടിക്കൊണ്ടേ ഇരിക്കുന്നു......
കണികകളിൽ നിന്ന്
കണികകളിലേക്...നീരാളിപിടു
ത്തം പോലെ......
അടച്ചുറപ്പുള്ള ചുമരുകൾക്കിടയിൽ
പാത്രങ്ങളുടെ കലപില ശബ്ദം...

.കൊച്ചുമക്കളുടെ കൊഞ്ചിച്ചിരിയിൽ
മുത്തശ്ശന്റെയും മുത്തശ്ശിയുടെ യും
സ്നേഹോഷ്മളത...
പ്രിയയുടെ മുടിയിഴകളിലെ
വെളുപ്പിനെ ആദ്യമായി കാണുന്ന
പ്രിയൻ..
അലാറം വെച്ചുള്ള
പരക്കപ്പാച്ചിലുകൾ
ഇപ്പോൾ സൈലന്റ്
മോഡിലാണ്....
അടച്ചുറപ്പില്ലാത്ത
ചുമരുകൾക്കിടയിൽ............
ഓല മേഞ്ഞ മേൽക്കൂര യിലൂടെ
സൂര്യകിരണങ്ങൾ തൊട്ടിലിന്റെ
തുളവീണ തുണി കെട്ടിനുള്ളിലേക്
എത്തി നോക്കുന്നു....
വിറപൂണ്ട വിരലുകളാൽ
കുപ്പിക്കുള്ളിലെഅവസാന തുള്ളിക്കായുള്ള
അലർച്ച...
ഓട്ടക്കലത്തിലെ അവസാന
അരിമണിയുടെ ദൈന്യത....
യാത്രയാണ്.. എത്തിച്ചേരണം...
കൊറോണയുടെ കുർത്ത

മുള്ളുകൾക്കിടയിൽ കുടുങ്ങാതെ....
മാറപ്പിനുള്ളിലെ കളിപ്പാട്ടം ഉണ്ണിക്ക്
നൽകേണം...
പ്രിയയുടെ കവിളിലൊരുമ്മ
നൽകേണം..
എത്തീടണം......അസ്തമിക്കുന്ന
തിൻ മുൻപേ.......

- Bindumol .P [S.S Teacher]



# *INFINE LOVE*

FROM THE MOMENT
I CAME TO LIFE
YOU GAVE ME
YOUR HEART AND SOUL

YOU RUN TO ME
WHEN I NEEDS YOU
THE WARMTH OF YOU
MADE ME SAFE

I WILL REMEMBER
YOUR INFINE LOVE
YOUR LOVE FOR ME
WILL ALWAYS TRUE

I WILL NEVER FORGET
YOUR INFINE LOVE
UNTIL THE MOMENT
MY HEART STOPS


*-CHANDANA.S*

# GEOMETRICAL CHART




-


*Chandana.s*
*X-A*



*-KIRAN S NAIR*

*X-C*

# Biography



## Stephen Hawking

വിഖ്യാതനായ ബ്രിട്ടീഷ് ഭൗതിക ശാസ്ത്രജ്ഞനായിരുന്നു സ്റ്റീഫൻ ഹോക്കിങ് . ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡിൽ ഫ്രാങ്ക്, ഐസബെൽ ഹോക്കിങ് എന്നിവരുടെ ആദ്യ മകനായി 1942- ജനുവരി-8 നായിരുന്നു ഹോക്കിങ് ജനിച്ചത്.

നക്ഷത്രങ്ങൾ നശിക്കുമ്പോൾ രൂപം കൊള്ളുന്ന തമോ ഗർത്തങ്ങളെക്കുറിച്ച് ഇന്നു ലഭ്യമായ വിവരങ്ങളിൽ പലതും ഇദ്ദേഹത്തിന്റെ ഗവേഷണങ്ങളിലൂടെ കണ്ടുപിടിച്ചതാണ്.

ബ്രിട്ടണിലെ Cambridge University - യിലെ പ്രപഞ്ച ശാസ്ത്ര വിഭാഗത്തിലെ ഡയറക്ടറായിരുന്നു Willam Hawking. കാലത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം എന്ന പ്രശസ്തമായ ശാസ്ത്രഗ്രന്ഥം രചിച്ചത് ഇദ്ദേഹമാണ് 1966-ൽ ഡോക്ടറേറ്റ് നേടിയ സ്റ്റീഫൻ ഹോക്കിങ് അതേ വർഷം തന്നെ റോജർ പെൻറോസുമായി ചേർന്ന് ' സിൻഗുലാരിറ്റീസ് ആൻഡ് ദ ജോമട്രി ഓഫ് സ്പേസ്-ടൈം' എന്ന പേരിൽ എഴുതിയ പ്രബന്ധത്തിനു വിഖ്യാതമായ ആദംസ് പ്രൈസ് ലഭിച്ചിരുന്നു Cambridge University-യിലെ ഗണിത ശാസ്ത്രലൂക്കാച്ചിയൻ പ്രൊഫസർ എന്ന ഉന്നത പദവി മൂന്നു പതിറ്റാണ്ടുകൾ അദ്ദേഹം അലങ്കരിച്ചിരുന്നു. നാഡീ കോശങ്ങളെ തളർത്തുന്ന മാരകമായ അമയോട്രോപിക്ക് ലാറ്ററൽ സ്ക്ലീറോസിസ് എന്ന രോഗബാധിതനായിരുന്നു അദ്ദേഹം. 2018 March 14 - ന് തന്റെ 76-ാം വയസ്സിൽ നിര്യാതനായി

- SAYANTH KRISHNA


X-C

# CRAYON PAINTING



-ARUNIMA A R
10 B

# PENCIL DRAWING




*- ELDO BABU*
*X-A*



-

*Nidha Fathima*
*10-A*



*-SHYAM GEORGE*

*DRAWING TEACHER*




0.

*FATHIMATH NAJIYA*
*10 D*

*Story*

## <u>ഇച്ചായൻറെ ഗൗരി</u> ♡

''പനക്കൽ വർഗീസ് മാമൻറെ വീട്ടിലെ ജോലിക്കാരിക്കുപോലും അതിൻറേതായ കൃത്യനിഷ്ഠതയും അന്തസ്സും വേണം..മനസ്സിലായോടീ...അന്തസ്സിൻറെ കാര്യം ഞാൻ പിന്നെ പറയുന്നില്ല...കണ്ട ചവറ്റുകൊട്ട കഴിയുന്നോനൊക്കെ എന്ത് അന്തസ്സ് വന്നിരിക്കുന്നു...😑😑നീ ഒരു കാര്യം മനസ്സിലാക്കിക്കൊ...മമ്മയുടെ ഒറ്റൊരാളുടെ വാക്കിനു പുറത്ത നിനക്ക് ഇവിടെ അടുക്കളേല് നിക്കാൻ കഴിയുന്നെ...അല്ലേൽ ഈ വീടിൻറെ ഗേറ്റ് തൊടാൻ പോലും ഉള്ള അർഹത ഉണ്ടാവില്ലായിരുന്നു...😠😠ഇതിപ്പൊ മാസം ഒന്ന് രണ്ട് ആയി.. പത്ത് ദിവസത്തിൽ എട്ട് ദിവസോം കൃത്യസമയത്ത് എത്തില്ലാന്ന് വെച്ചാ..

പപ്പ next week വരും അപ്പോഴും നിൻറെ ശീലം ഇതാണെങ്കിൽ പിന്നെ പുന്നാര മോള് ഈ ജോലിയങ്ങ് മറന്നേക്ക്...😑😑

അജിൻ വർഗീസ് മാമൻ ന് വാക്ക് ഒന്നേ ഉള്ളൂ..

ഇനി ഒരിക്കൽ കൂടി ഇക്കാര്യം പറഞ്ഞ് എനിക്ക് നിന്നെ ശാസിക്കാൻ ഇടവരുത്തരുത്..മനസ്സിലായോടി... '' ''😠😠

ഒലിച്ചിറങ്ങിയ കണ്ണുനീരിനെ ശാസിച്ചു നിർത്തി അവൾ അവന് നേരെ സമ്മതമെന്നോണം തലയനക്കി..😊😊😊''

'' എന്ത് പറഞ്ഞാലും ഒരു കണ്ണീരും തലയാട്ടലും... നിൻറെ നാക്കിറങ്ങിപ്പോയോടി... '' ''😠😠

''അജു......!!!!😞😞 രാവിലെ തന്നെ തുടങ്ങിയൊ നീയ് ആ പാവത്തിനെ കരയിക്കാൻ...ഈയിടെയായി കുറച്ച് കൂടുന്നുണ്ട്...എന്തിനും ഒരു പരിധിയുണ്ട്..രാവിലെ വരുന്നതിൻറെ കാര്യത്തിൽ മാത്രം ഒരു പറഞ്ഞാൽ തീരാത്ത കൃത്യനിഷ്ഠത...വൈകിട്ട് ഇത് എപ്പോഴാ ഇവിടുന്ന് പോന്നേന്ന് വല്ല ബോധവും ഉണ്ടൊ ഈ പറയുന്ന മാമൻമാർ ക്ക്..😞😞😞😞

പറയുന്നതെല്ലാം പറയുമ്പൊ പറയുമ്പൊ മുമ്പിലെത്തുന്നുണ്ട് എന്നാലും ഒരു നല്ല വാക്ക് അതിനുകൊടുക്കില്ല... എന്നാൽ വരാൻ രണ്ട് മിനുട്ട് വൈകിയാൽ അപ്പൊ തുടങ്ങും അവൻ റെയൊരു വീട്ട് പേര് വിളിച്ചുകൂവൽ... '' ''😞😞😞😞😞

little KITEs

'' '' മമ്മ ജോലിക്കാരെ അവരുടെ സ്ഥാനത്ത് നിർ

ത്തണം..😠 അല്ലാതെ തലേക്കേറ്റി വെക്കരുത്.. '' ''

'' ''ഞാനെന്തുവേണൊ ചെയ്യും...എന്തായാലും ഇതൊരു പെങ്കൊച്ചാണെന്ന പരിഗണന നീയൊന്നും

കൊടുക്കുന്നില്ലല്ലോ...അതുകൊണ്ട് ഇനി ഇവൾടെ പേര്

പറഞ്ഞ് എന്നെ നിയന്ത്രിക്കാനും നീ വരണ്ട...പിന്നെ എന്തു

പറഞ്ഞാലും പനക്കൽ വർഗീസ് മാമൻ വർഗീസ്സാമൻ എന്ന്

എടുത്തെടുത്ത് പറയുന്നുണ്ടല്ലോ..എന്തുതന്നെ ആണേലും

അങ്ങേര് നിന്നെ പോലെ കണ്ണിച്ചോരയില്ലാത്ത

മനുഷ്യനല്ല...ഓർത്തൊ...

വാ നന്ദു മോളേ!..''😉

ത്രീസയുടെ ഓരോ വാക്കുകളും അവന് അവളോടുള്ള

ദേഷ്യത്തിൻറെ ആഴം കൂട്ടി...😠😠

പിന്നെ ഒന്നും മിണ്ടാതെ കാറും എടുത്ത് പറന്നു....

'' '' മോളെ നന്ദു..നീയിതൊന്നും കാര്യാക്കണ്ട..☺☺

അവനങ്ങനെ പലതും പറയും..പിന്നെ നീയൊരു പെൺ

കുട്ടിയാണ്.. എന്ത് പറഞ്ഞാലും അപ്പഴേക്കും അങ്ങ്

കരയരുത്...കേട്ടല്ലൊ.. ''😁😁😁 '' (ത്രേസി)

'' ''മ്മ്'' '' 😣😑

'' '' ഉഷാറായി ഇരിക്കെൻറെ നന്ദുക്കൊച്ചേ.🤗

🤗.അവളുടെ തലയിൽ തഴുകി അവർ പറഞ്ഞു...

ആ പിന്നെ ഞാൻ കറിക്ക് സാധനങ്ങളൊക്കെ അരിഞ്ഞ്

വെച്ചിട്ടുണ്ട്..മോള് ബാക്കി നോക്കിയമതിട്ടൊ... '' ''😁'' ''

അയ്യൊ ഞാൻ വന്നിട്ട് ചെയ്യുവായിരുന്നുവല്ലോ...'' ''😗

'' '' ഏയ് അതിനൊന്നും സാരില്ല...മോളിത് ചെയ്തിട്ട്

തൊടിയിലേക്ക് ഇറങ്ങ് അവിടെ കുറച്ച് പണിയുണ്ട്... ''

''☺☺

'' ശരിയമ്മേ...''😁

ത്രീസ തൊടിയിലേക്ക് ഇറങ്ങി...നന്ദു അടുക്കളയിൽ പണിയെല്ലാം ഒതുക്കി ത്രീസയ്ക്കരികിലേക്ക് പോയി...☺

'' അമ്മേ...''☺☺☺

'' ആ ഇത്ര വേഗം കഴിഞ്ഞൊ...''😂'ഓ ഗൗരിനന്ദ യ്ക്ക് ഇതൊക്കെ എന്ത് എൻറെ ത്രീസകൊച്ചേ...''😂😂😂

ത്രീസയുടെ താടിപിടിച്ച് കൊഞ്ചിച്ചുകൊണ്ട് അവൾ പറഞ്ഞു...

'' ആ.. ആ എനിക്കറിയില്ലെ നിന്നെ...പിന്നെ മോളെ നന്ദു അമ്മയൊരു പ്രധാന കാര്യം പറയാനാ ഇപ്പൊ വിളിച്ചത്...''😌

''എന്നോടെന്തിനാ അമ്മേ ഈ മുഖവുര...തെളിച്ച് പറഞ്ഞൂടെ...''😌

'' അത് മോളെ എത്രയാന്ന് വെച്ച നീയി ചെറുപ്രായത്തില് അടുക്കളയില് കിടന്ന് കഴിച്ചു കൂട്ടുന്നത്...നിനക്ക് പഠിക്കണ്ടെടാ...വീട്ടിലെ പ്രശ്നങ്ങള് ഇങ്ങനെ നോക്കി നടന്ന അതിനെ നേരം ഉണ്ടാവൂ...''' എനിക്കറിയാം അമ്മേ..,😑😑 പക്ഷെ...പക്ഷെ ...ഞാനിങ്ങോട്ട് വരുന്നോണ്ട ആ വീട് പട്ടിണിയാവാതെ ഇരിക്കുന്നത്...അതുകൊണ്ട് ഞാൻ കോളേജിലും കൂടെ പോയി തുടങ്ങിയാൽ..'😢😢😢😢😢'

അവളോട് അറിയാതെ വിങ്ങിപ്പോയി...

'' ഏയ് എന്ത മോളെ ഇത്...ഇങ്ങനെ കരയല്ലേ...അമ്മ പറഞ്ഞൂന്നെ ഉള്ളു...''😟

''...............''

'' നന്ദു മാധവൻ ഇന്നലെ പ്രശ്നം വല്ലോം ഉണ്ടാക്കിയൊ!..''😳

'' ഇന്നലെ മാത്രമല്ല...എപ്പഴും അത് തന്നെയാ അവസ്ഥ...അമ്മയ്ക്ക് വയ്യാത്തത് പോലും ഓർക്കൂല...കുടിയും കഴിഞ്ഞ് വന്നാ പിന്നെ എന്താ ചെയ്യാ എന്താ പറയാ എന്നൊന്നും ഒരു നിശ്ചയൊ ഉണ്ടാവില്ല...''😭😭😭😭

'' തല്ലത്തൊന്നും ഇല്ലല്ലോ!....??''

'' ഇല്ലമ്മേ....ഒരു തവണ എൻറെ നേരെയും കൈ ഉയർ ത്തിയതാ... അതിനുശേഷം അച്ഛന് എൻറെ മുഖത്ത് നോക്കാൻ തന്നെ മടിയായിരുന്നു...
ഞാനുള്ളത് കൊണ്ട അമ്മയെ അയാള് കൊല്ലാതെ വിടുന്നത് തന്നെ...കരഞ്ഞ് കരഞ്ഞ് കിടക്കുമ്പൊ തന്നെ നേരം വെളുക്കും...അതുകൊണ്ട അമ്മേ ഞാ..ഞാൻ അഞ്ച് മിനിട്ടും പത്ത് മിനിട്ടും ഒക്കെ വൈകുന്നെ..എത്താൻ...''😭😭
😭😭😭😭😭

'' ഏയ് എന്താ മോളെ ഇത് അമ്മയില്ലേ...മോളെ ഇനി ആരും അതിൻറെ പേരിൽ വഴക്ക് പറയില്ലാട്ടൊ... 😊😂

പിന്നെ അമ്മ പറഞ്ഞൂന്നെ ഉള്ളൂ...മോള് ഡിഗ്രി complete ചെയ്യുവാണേൽ നമുക്ക് വർഗിച്ചായനോട് പറഞ്ഞ് നല്ല ഒരു post ലേക്ക് company യില് മോളെ ഇരുത്തായിരുന്നു... എന്ത് പറയുന്നു!..''☺☺

''താത്പര്യം ഇല്ലാഞ്ഞിട്ടല്ലമ്മേ...പക്ഷെ അച്ഛൻ..,😟😟 വീട്ടിൽ ഒരു ബുക്ക് പോലും ഉള്ളത് കണ്ടൂട ...അപ്പഴേക്കും അത് കത്തിക്കലായി പിടിക്കലായി..അപ്പപ്പിന്നെ ഞാൻ പഠിക്കുന്നത് കൂടെ അറിഞ്ഞാൽ പിന്നെ...''😟😟😟😑

''സാരില്ല മോളെ....പഠിക്കാനുള്ള മനസ്സ് ഉണ്ടല്ലോ നിനക്ക്...അത് മതി...ദൈവം കാണാതിരിക്കില്ല...എന്തേലും വഴിയുണ്ടാകും!..''😂😂😂

''മ്മ് ''☺

ദിവസങ്ങൾ ആരെയും കാത്തുനിൽക്കാതെ കടന്നുപോയി..business trip ഒക്കെ കഴിഞ്ഞ് വർഗീസ് തിരിച്ചെത്തി... 😎

വർഗീസിനും ത്രീസയ്ക്കും വേലക്കാരിയല്ല..നന്ദു മകൾ തന്നെയായിരുന്നു...☺☺

അപ്പഴും അജിൻ മാത്രം അവളെ ശാസിച്ചും കുറ്റം പറഞ്ഞും കഴിഞ്ഞു പോയി...

പിന്നെ പിന്നെ അതൊരു ശീലമായതുകൊണ്ട് അവളും അത് കാര്യമാക്കാൻ പോകില്ല... 😏

നന്ദുവിൻറെ അമ്മ സുമ അപ്പഴേക്കും എല്ലാം കൊണ്ടും തളർന്നിരുന്നു... 😑😑

ഒരു ദിവസം വൈകിട്ട് അജിൻ അവൻറെ friends നെയും കൊണ്ട് വീട്ടിലെത്തി...നന്ദു വീട്ടിലേക്ക് പോകാൻ ഇറങ്ങിയപ്പോഴാണ് അവർ വന്നത്...

അന്ന് ത്രീസയുടെയും വർഗീസിൻറെയും wedding anniversary ആയതുകൊണ്ട് അവർക്കൊരു surprice party കൊടുക്കാൻ ആയിരുന്നു അവൻറെ plan...😊😊😊 അതുകൊണ്ട് തന്നെ ത്രീസയെയും വർഗീസിനെയും അവർ നിർബന്ധിച്ച് പറഞ്ഞു വിട്ടിരുന്നു...😃

'' ഗൗരി...'' (അജു)

'' എ..എന്താ..സർ...

''നീ വീട്ടിലേക്ക് പോവാൻ ആയൊ...??''

'' ആ സ..സർ ഞാ..ഞാൻ പോ..പോ..പോവാൻ ഇ..ഇറ..ഇറങ്ങുവായിരുന്നു... ''

''നീ എന്തിനാ ഗൗരി അതിനിങ്ങനെ പേടിക്കുന്നെ...നിനക്ക് വിക്കൊന്നും ഇല്ലല്ലോ!...''

''ഒന്നു ഇല്ല സർ.. ഞാ..ഞാൻ എന്ന പൊക്കോട്ടെ...''😶

'' അങ്ങനെ പോവാൻ അല്ല ഞാൻ നിന്നെ വിളിച്ചത്...ഇന്ന് മമ്മേടേം പപ്പേൻറേം wedding anniversary ആണ് അറിയില്ലേ...?
So ഞങ്ങള് ഞങ്ങള് ഒരു ചെറിയ party arrange ചെയ്യുന്നുണ്ട്...അതിന് നിൻറെ help ഉം വേണം...ഇതൊക്കെ ഒന്ന് decorate ചെയ്യാൻ!...''😉

''അയ്യൊ സർ അത്..നിങ്ങൾ ഇത്രേം പേരില്ലെ...എനിക്ക് ഇതിനെ കുറിച്ചൊന്നും അധികം അറിയില്ല... നേരം വൈകിയ പ്രശ്ന അതുകൊണ്ട് ഞാൻ പോകുവാ...''😶😶

'' ഗൗരി.......!!!!! ''😡😡

അതൊരു അലർച്ചയായിരുന്നു...

''നിനക്കവിടെ പോയിട്ട് മലമറിക്കാനൊന്നും ഇല്ലല്ലോ...ഇത്ര ധൃതി പിടിക്കാൻ... വൈകിയാൽ ഞാൻ കൊണ്ടുവിടാം നിന്നെ....പിന്നെ ഇതിൽ അറിയാൻ ഒന്നും ഇല്ല... ഇവര് പറയുന്ന സാധനങ്ങൾ അപ്പപ്പം എടുത്തു കൊടുക്കണം...അത്രെ ഉള്ളൂ.😡😡😡😡

''ഞാൻ മമ്മേടേം പപ്പേടേം അടുത്ത് പോയി അവരെ റെഡിയാക്കി കൊണ്ടുവരാം...''

എന്നും പറഞ്ഞ് അവരെ ഒന്ന് നോക്കി അവൻ കാറും എടുത്ത് പോയി...

നന്ദുവിന് എന്ത് ചെയ്യണമെന്ന് അറിയില്ലായിരുന്നു...

അവരുടെ കൂട്ടത്തിൽ ഒരാൾ ചിരിച്ചുകൊണ്ട് അവൾക്ക് അരികിലേക്ക് വന്നു...

'' Hey ഗൗരിനന്ദ...😂😂താൻ പേടിക്കുവൊന്നും വേണ്ട..അവൻ എല്ലാരോടും ഇങ്ങന...പെട്ടെന്ന് ദേഷ്യം പിടിക്കുന്ന ടൈപ്പ...പക്ഷെ ആള് ഉള്ളിൽ പാവാണ് ട്ടൊ.. ☺ Anyway I am മെറിൻ.. മെറിൻ സാറാ ജേക്കബ്.. തനിക്കെന്നെ ചേച്ചിന്ന് വിളിക്കാം!.. ''☺

''hii ഞാൻ ഗൗരിന...അല്ല ചേച്ചിക്കെൻറെ പേര് എങ്ങനെ!.. ''😳😳

'' ഓ അതത്ര അറിയാനെന്ത...നല്ല മൂടാണെങ്കിൽ അജിൻറ് വായില് 50%അവൻറെ ഗൗരിയെ പറ്റി പറയാനെ നേരമുള്ളു!..''😂😂😂

''എന്നെ പറ്റിയൊ....''😲😲😲 നന്ദു വിശ്വാസം വരാതെ ചോദിച്ചു..

''ആന്നെ... അതെന്ന നിന്നെ പറ്റി പറയാൻ പാടില്ലെ...

ഗൗരി അങ്ങനെയാ.. ഗൗരി ഇങ്ങനെയാ...അവളിന്ന് അങ്ങനെ ചെയ്തു...അവളിന്ന് ഇങ്ങനെ ചെയ്തു...ഒരു പാവമാണ്...എന്തു പറഞ്ഞാലും അപ്പൊ കരയും എന്ന് ഭയങ്കര പേടിയ...
സത്യം പറഞ്ഞ നന്ദു എനിക്ക് പലപ്പോഴും കുശുമ്പ് തോന്നാറുണ്ട്...പിന്നെ തന്നെയൊന്ന് കാണണംന്നായി...
ഇപ്പൊ കണ്ടു...പക്ഷെ ഞാൻ ഞെട്ടി പോയിട്ടൊ...
തന്നെ പോലൊരു സുന്ദരി മിണ്ടാപ്പൂച്ചയെ ഓർത്താണല്ലോ കുശുമ്പ് വിചാരിച്ചേന്ന് കരുതി...''😁😁😁😁😁😁

ഗൗരി അപ്പഴും വിശ്വാസം വരാതെ മെറിനെ തന്നെ നോക്കുവായിരുന്നു...😳

''ഇനി അതോർത്ത് ഈ കുഞ്ഞു തല പെരുപ്പിക്കണ്ട...ഞാൻ എല്ലാരെയും ഒന്ന് പരിചയപ്പെടുത്തിത്തരാം...''😁

''ഇത് കിഷോർ...ഇത് ജിത്തു..ഇത് രാഗേഷ് പിന്നെ ഇത് സിയാൻ...

പിന്നെ ഒരാളും കൂടിയുണ്ട്...സ്റ്റെല്ല...അവളൽപം വശപിശകുള്ള കൂട്ടത്തില..അതുകൊണ്ട് personal കാര്യത്തിനൊന്നും അജ്ജു അവളെ വിളിക്കാറില്ല...''😁

അവർ എല്ലാരും പരസ്പരം കൈകോർത്ത് കൂട്ടായി..,😁😁 അവരോട് ചിരിച്ചും കളിച്ചും പറയുമെങ്കിലും വീട്ടിലെ കാര്യമോർക്കുമ്പോൾ നന്ദൂന് അസ്വസ്ഥതയായിരുന്നു... 😟😟😟

ജിത്തുവും സിയാനും ഒക്കെ പലപ്രാവശ്യം കാര്യം ചോദിച്ചെങ്കിലും അവൾ ഒന്നും ഇല്ലെന്ന് പറഞ്ഞ് മാറ്റി നിർത്തി...,😶😶

7.00 ഒക്കെ ആയപ്പോൾ ത്രീസേടേം വർഗീസിൻറെം വീട്ടിൽന്ന് കുടുംബക്കാർ വന്നു...😊😊

8.00 യോട് അടുത്തപ്പോഴാണ് അജ്ജുവും ത്രീസയും വർഗീസും വന്നത്...😊😊

അജിൻ വേഗം തന്നെ ഓടി അകത്തുകയറി...അവർ രണ്ടും വന്നപ്പോഴേക്കും കറൻറ് പോയി.,😀😀

''ഈ ചെറുക്കൻ ഇത്ര വേഗം അകത്ത് കേറി വാതിലടച്ചോ...'' ത്രീസ🙂

''അജ്ജൂ...അജ്ജൂകുട്ടാ...ഇവനിതെവിടാ..'' 🙂വർഗീസ്

''നിങ്ങള് നടക്ക് ഒന്നിലും തട്ടി വീഴല്ലെ.,🙂.'' ത്രീസ

അവർ ഡോർ തുറന്നതും എല്ലാരും പോപ്പർ പൊട്ടിച്ച് ലൈറ്റ് ഇട്ടു..,😀😀😀😁😁😁

ചുറ്റിനും അജ്ജുവും കിഷോറും ജിത്തുവും രാഗേഷും സിയാനും മെറിനും നന്ദുവും ബാക്കിയുള്ളവരും എല്ലാരും കൂടെ പാട്ട് പാടി വിഷ് ചെയ്യുന്നുണ്ട്.,😀😀😀

അത്രയും മുഖങ്ങൾ അവിടെ ഉണ്ടേലും തെളിഞ്ഞു പുഞ്ചിരിച്ച നിൽക്കുന്ന നന്ദുവിൻറെ മുഖത്തേക്കാണ് അവരുടെ കണ്ണ് പോയത്..😊😊😊😊

എല്ലാവരും സന്തോഷത്തോടെ കേക്ക് കട്ട് ചെയ്തു...ശേഷം ഭക്ഷണവും എല്ലാം കഴിഞ്ഞപ്പോഴേക്കും10.30 കഴിഞ്ഞിരുന്നു.. ☺☺

''ഗൗരി നിനക്ക് ഈ രാത്രി ഇനിയിപ്പൊ പോണൊ...നാളെ ജോലിക്ക് നിക്കണ്ട...ഒരു ദിവസം വീട്ടിൽ റെസ്റ്റ് എടുത്തൊ...എന്ത് പറയുന്നു!..???''😊😊

''അത് സ..സർ എനിക്ക്..ഞാൻ..'' അവൾക്ക് പറയാൻ വാക്കുകൾ ഇല്ലായിരുന്നു..,😑😑

അവൾ ദയനീയമായി ത്രീസയെ നോക്കി..,😟

അവർ ഒന്നും ഉണ്ടാല്ലെന്ന രീതിയിൽ തലയനക്കി,..😊

അത് കണ്ടപ്പോൾ അവൾക്കും എന്തോ ഒരു ആശ്വാസം,..😊

പിറ്റേന്ന് രാവിലെ തന്നെ പോകാം എന്ന ഉറപ്പിൽ അവൾ അന്ന് അവിടെ തന്നെ നിന്നു....☺

രാവിലത്തെ പണികഴിഞ്ഞ് 11.30 യോട് അടുത്തപ്പോഴാണ് ഗൗരി വീട്ടിലേക്ക് പോയത്..

അജു കൊണ്ടുവിടാം എന്ന് പറഞ്ഞെങ്കിലും അവൾ അത് സ്നേഹത്തോടെ നിരസിച്ചു..

വീട്ടിലേക്ക് പോകുന്ന വഴിയെ അവൾ കണ്ടു...അങ്ങിങ്ങായി കുശലം പറഞ്ഞ് കൂടി നിൽക്കുന്ന ആൾക്കാരെ...എന്തൊ പെട്ടെന്ന് എന്തെന്നില്ലാത്ത ഭയവും വെപ്രാളവും അവൾക്ക് അനുഭവപ്പെട്ടു...ഒടുവിൽ നടന്ന് അവൾ വീട്ടുമുറ്റത്ത് എത്തി...

ചന്ദനതിരി കത്തിയെരിയുന്ന മണം..

ചുറ്റിനും കൂടി നിന്ന ഒരു കൂട്ടരുടെ വാക്കുകൾ അവളുടെ ചെവിയിൽ തുളഞ്ഞുകയറി...

''മാധവന് ഏപ്പഴും കുടിയാ...സുമയെ ഏതുനേരവും കുടിച്ച് വന്ന് പൊതിരെ തല്ല് തന്നെയാ...ആ പെങ്കൊച്ച് ഉള്ളോണ്ട സുമ ജീവിച്ചിരുന്നത് തന്നെ...ആ പെണ്ണ് ഇന്നലെ ഇവിടെ ഉണ്ടായിരുന്നില്ലാത്രെ..ഇന്നലെ അവൻ കുറച്ച് കൂടുതലും ആയിരുന്നു...മോളേം കാത്ത് സുമ ഉമ്മറത്ത് തന്നെ ഉണ്ടായിരുന്നു...അയാള് ഭ്രാന്തെളകി വന്ന് കഴുത്തിന് വെട്ടിന്ന കേട്ടെ..കൂടെ അങ്ങേരും അങ്ങ് തീർന്നു...പാവം ആ കൊച്ചിൻറെ കാര്യം ഓർക്കുമ്പഴാ..അമ്മയെ നോക്കാൻ പഠിപ്പ് വരെ നിർത്തി പണിയ്ക്ക് പോയിക്കൊണ്ടിരിക്കുവാ...''

കേട്ടതൊക്കെയും അവൾക്ക് വിശ്വസിക്കാൻ ആയില്ല..😲😲.ഒരടി അവൾ മുന്നോട്ട് നടന്നു..

വെള്ള പുതപ്പിച്ച രണ്ട് ശവശരീരം നിലവിളക്കിൻറെയും ചന്ദനതിരിയുടെയും സാന്നിദ്ധ്യത്തിൽ..😢😭😭😭😭

സമനില തെറ്റിയവളെപ്പോലെ അലറിവിളിച്ച് അവൾ ഓടി അമ്മയ്ക്കരികിലിരുന്ന് പിടിച്ചുലച്ച്കൊണ്ട് പൊട്ടിക്കരഞ്ഞു...😭😭😭😭😭😭😭😭

അവളുടെ ഏങ്ങലടി ആ പ്രദേശം മുഴുവൻ നടുക്കിയിരുന്നു..😫😫😫😢😭😭😭😭😭😭😭😭😭😭😭😭😭

ചുറ്റും കൂടിനിന്നവരുടെയെല്ലാം കണ്ണുകൾ അവർ പോലും അറിയാതെ നിറഞ്ഞൊഴുകി...😭

അപ്പോഴേക്കും ത്രേസ്യയും വർഗീസും അജുവും അവിടെ എത്തിയിരുന്നു...

ത്രേസ്യ അവളെ പിടിച്ച് മാറ്റാനാഞ്ഞതും ഒരു ഭ്രാന്തിയെ പോലെ അവൾ അവരുടെ കൈകൾ തട്ടിത്തെറിപ്പിച്ചു..😶

അതെല്ലാം അവർക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു....😢

വരാനായിട്ട് ആരുമില്ലാത്തതിനാൽ ബോഡി വേഗം തന്നെ മറവ് ചെയ്യാനുള്ള ഒരുക്കൾ തുടങ്ങിയിരുന്നു...😢😢

മകൻറെ സ്ഥാനത്ത് നിന്ന് രണ്ടുപേർക്കും തിരികൊളുത്തിയത് അജുവായിരുന്നു...😢

വർഗീസ് കമ്പനിയിൽ നിന്നും അത്യാവശ്യമായൊരു call വന്നത് കൊണ്ട് അങ്ങോട്ട് പോയി..,

നേരം ഇരുട്ടിതുടങ്ങിയപ്പോൾ എല്ലാവരും അവരവരുടെ വീട്ടിലേക്ക് വലിഞ്ഞു..,

അവിടെ നന്ദുവും ത്രീസയും അജ്ജുവും മാത്രമായി..,

ചുറ്റും ചെറുതായി ഇരുട്ട് പടർന്നിരുന്നു..

അജ്ജുവിനെ ഒന്ന് ഒളികണ്ണിട്ട് നോക്കി എന്തോ മനസ്സിലുറപ്പിച്ച് ത്രീസ നന്ദുവിനരികിൽ പോയിരുന്നു..

''മോളെ വീട്ടില് അവരൊക്കെ വന്നതല്ലെ..അതുകൊണ്ട് ഞങ്ങളങ്ങ് ചെല്ലട്ടെ...നാളെ രാവിലെ ഞങ്ങളെത്തും...എന്തേലും ആവശ്യം ഉണ്ടേൽ വിളിച്ചമതിട്ടൊ.. ''

കരഞ്ഞു തളർന്ന നന്ദുവിൻറെ മുഖത്തേക്ക് നോക്കാതെ ത്രീസ അത്രയും പറഞ്ഞൊപ്പിച്ചു...😡😡😡

(ഇതേസമയം അജു ആത്മ)

[''ഗൗരിയെ എന്ത് പറഞ്ഞ് വീട്ടിൽ കൊണ്ടോവും..എന്തായാലും തനിച്ച് ഇവിടെ നിർത്താൻ പറ്റില്ല..അല്ലെങ്കിൽ തന്നെ wedding anniversary യാന്നും പറഞ്ഞ് പടകളെല്ലാം കൂടെ ഒരുമിച്ച് കെട്ടിയെടുക്കേം ചെയ്തു...എന്തായാലും ഞാൻ പറഞ്ഞാലല്ലേ പ്രശ്നം ഉള്ളൂ..മമ്മ വേണ്ടതു ചെയ്തോളും...'']

മമ്മയുടെ വാക്കുകൾ കേട്ട അജുവിന് ഒരു നിമിഷം ദേഷ്യവും സങ്കടവും എല്ലാം കൂടെ അണപൊട്ടിയൊഴുകാൻ വെമ്പി... 😢😢😢😡അവൻ എല്ലാം പിടിച്ചുവെച്ചു...

അജുവിൻറെ പ്രതികരണത്തിനായി കാത്തുനിന്ന ത്രീസ അവൻറെ മൗനം കണ്ട് ദേഷ്യംകൊണ്ട് വിറങ്ങലടിച്ചു നിന്നു...😢😢😩😩😩😩😩

'' അജ്ജു വാ പോവാം..''😡😡😡😡

ത്രേസ്യയുടെ ശബ്ദം ഉയർന്നതും അവൻ ഇളകിത്തുള്ളി കാറിൽ കയറി ഇരുന്നു...😡😡😡

പോവരുതേ...എന്ന് അവൾ മനസ്സ്കൊണ്ട് ആയിരം തവണ വിളിച്ചുപറയുന്നുണ്ടെങ്കിലും അതെല്ലാം കണ്ണീരായി ഒഴുകുന്നതല്ലാതെ ശബ്ദം പുറത്തുവന്നില്ല...😭😭😭😭😭😭😭

°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°

എന്നാൽ അവർ പോവുന്നത് കാത്ത് വല്ലാത്തൊരു ചിരിയോടെ നിൽക്കുന്ന സാത്താൻറെ കണ്ണുകളെ അവരറിയാതെ പോയി...

°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•°•

തൻറെ മനസ്സറിഞ്ഞ് മമ്മ പ്രവർത്തിക്കും എന്നു കരുതിയ അജ്ജുവിന് തെറ്റി...അവൻ അവൻറെ ദേഷ്യം മുഴുവൻ ആക്സലേറ്ററിൽ ചവിട്ടി തീർത്തു..,😠😠😡😡

°•°•°•°•°•°•°•°•°•°•°•°•°•°•°•°
കണ്ണീർചീളുകൾ ഓരോന്നായി കാഴ്ചയെ മറച്ചുകൊണ്ടിരിക്കവെ ആരോ വന്ന് അവളുടെ വായ് പൊത്തി കയ്യിൽ ബലമായി പിടിച്ച് വലിച്ചിഴച്ചുകൊണ്ട് പോയി...
°•°•°•°•°•°•°•°•°•°•°•°•°•°•°•°

ഇതേസമയം വലിയൊരു ശബ്ദത്തോടുകൂടി അജ്ജുവിൻറെ കാർ സഡൻ ബ്രേക്ക് ഇട്ട് നിന്നു..,😠

പിന്നെ ഒരു ബഹളമായിരുന്നു..,😡😠

'' മമ്മ എന്തറിഞ്ഞിട്ട ഈ നട്ടപ്പാതിരാത്രിക്ക് ആ കാട്ടിനുള്ളില് അവളെ ഒറ്റക്കാക്കിട്ട് പോന്നത്... ആ പ്രദേശത്ത് അടുത്തെങ്ങാൻ ഒരു വീടുള്ളത് മമ്മ കണ്ടോ...അതുമല്ല...ഈ ഒരു അവസ്ഥയില് അവക്ക്

എന്തെങ്കിലും തോന്നാബുദ്ധിയെങ്ങാൻ തോന്നിയാൽ ആര് സമാധാനം പറയും...അല്ലെങ്കിൽ മോളെ..,മുത്തേന്നും പറഞ്ഞ് കൂടെ നടക്കുവല്ലൊ..ഒരു ആവശ്യം വന്നപ്പോൾ കളഞ്ഞിട്ട് പോരുവാണൊ വേണ്ടത്..."😡😡😠😡😠😠😠😠😠😠😠😠😡

ശബ്ദം ഇടയ്ക്ക് വച്ച് ഇടറിയെങ്കിലും ഒട്ടും കുറയ്ക്കാതെ അവൻ ത്രീസയ്ക്ക് നേരെ ചീറി...

"ച്ഛീ നിർത്തെടാ....😠

നീ ഒരു ആണല്ലേടാ...പെണ്ണിനെ ശാസിക്കാനും കുറ്റം പറയാനും മാത്രം പോര ആണിൻറെ നാവ്...ഈ ഇത്രയും നാളിനിടയ്ക്ക് ഈ കാര്യമല്ലാതെ സ്നേഹത്തോടെ നീ അവളോട് സംസാരിച്ചിട്ടുണ്ടോ...😠😠😡😡

ഇപ്പൊ തന്നെയും ഞാൻ അവളോട് അപ്പൊ അങ്ങനെ പറയുമ്പൊ ഈ പറഞ്ഞതെല്ലാം അവൾടെ മുമ്പിന്ന് നീ എന്നോട് പറഞ്ഞ് അവൾടെ കൈയ്യും പിടിച്ച് ഇറങ്ങിവരുംന്ന് കരുതിയ ഞാൻ വിഡ്ഢി...😠😠😡

ഇതൊന്നും ചെയ്യാതെ ഒരക്ഷരം പോലും അവളോട് മിണ്ടാതെ ഇങ്ങ് ഇറങ്ങി പോന്നിട്ട് നീ ഇപ്പൊ എന്നോട് തുള്ളുന്നൊ....??''😠😠😡😡😡

''മമ്മ...ഞാ..ഞാൻ ''😟

''ഇനിയൊരക്ഷരം നീ മിണ്ടരുത്...ഇങ്ങോട്ട് വന്ന അതേ സ്പീഡിൽ തിരിച്ച് വിടെടാ വണ്ടി അവൾടെ വീട്ടിലേക്ക്.....''😠😠😡

'' ഏഏഹ്ഹ്.....''😳😳😳😳

''നിനക്ക് ചെവിയും കേൾക്കാതായൊ⁉..''????

പിന്നെ ഒരു തിരിക്കലും വിടലും ആയിരുന്നു..,😁

°•°•°•°•°•°•°•°•°•°•°•°•°•°•°•°•°

തടുക്കാൻ ശ്രമിക്കുന്ന അവളുടെ ഓരോ ചുവടുകളും നിഷ്പ്രയാസം അവൻ കാറ്റിൽ പറത്തിവിട്ട് അവളെ പിടിച്ച് വലിച്ച് നേരെ നിൽത്തി മുഖത്ത് ആഞ്ഞടിച്ചു...😭

വേദനയോടെ ഒന്നും ശബ്ദിക്കാൻ പോലും കഴിയാതെ അവൾ നിലത്തേക്ക് തെറിച്ചു വീണു...

നിലത്തു നിന്നും അവളെ മുടിക്കുത്തിന് പിടിച്ച് എണീപ്പിച്ച് വീണ്ടും വീണ്ടും ഇരു കവിളിലായും അവൻ ആഞ്ഞടിച്ചുകൊണ്ടിരുന്നു...

ശേഷം ഒരു വഷളൻ ചിരിയോടെ അവളുടെ അടുത്തേക്ക് അടുക്കാൻ നിന്ന അവൻ ഒരു നിമിഷം വായുവിൽ ഉയർന്നുപൊങ്ങി ഒരു മൂലയിലേക്ക് തെറിച്ചു വീണു...

എന്തെന്നറിയാതെ പേടിയോടെ നന്ദു പുറകിലേക്ക് നോക്കി...

കത്തുന്ന കണ്ണുകളോടെ തനിക്കു പുറകിൽ നിൽക്കുന്ന അജുവിനെ കണ്ടതും അവളിൽ സന്തോഷവും ആശ്വാസവും നിറഞ്ഞു...,😟😟😟😟😟

നിലത്ത് നിന്നും അവനെ വലിച്ചിഴച്ച് മുഷ്ടി ചുരിട്ടി അവൻറെ മുഖത്തേക്ക് ആഞ്ഞിടിച്ചു..,😟😟😟😟

ഒരു നിമിഷം അജിൻ വർഗീസ് മാമൻ സാക്ഷാൽ കലാന്തകനാവുകയായിരുന്നു..,😟😟😟😟

മതിവരാതെ വീണ്ടും വീണ്ടും തല്ലിക്കൊണ്ടിരുന്നു...ഒടുവിൽ ഒരു മരത്തടിയെടുത്ത് അവൻറെ കയ്യും കാലും അടിച്ചൊടിച്ചു...അവൻറെ മുഖത്ത് അത് ആഞ്ഞ് വീശി...ചോര തുപ്പി ചുമരിൽ നിന്നും ഊർന്നു താഴെ വീണ അവനെ ഒരു കാല് കൊണ്ട് ചവിട്ടി തെറിപ്പിച്ചു..,😟😟😟😟😟

ഇതേസമയം നന്ദു ത്രീസയുടെ കയ്യിലേക്ക് ബോധം മറച്ച് ഊർന്നുവീണു...

''മോനെ മതിയെടാ...വിട്ടേക്ക്..ആ &@#%&&...ഈ വൃത്തികെട്ടവനെ കൊന്ന് നീ അഴി എണ്ണരുത്...

അജു വേഗം തന്നെ അവരുടെ അടുത്തേക്ക് പോയി..ത്രീസ നന്ദുവിനെ അജുവിൻറെ കയ്യിലേക്ക് കൊടുത്ത് മുഖത്ത് വെള്ളം തളിച്ചു...

''മോളെ...മോളെ...നന്ദു...ഒന്നുമില്ലെടാ..എണീക്ക്...''😰

''ഗൗരി...ഗൗരി..കണ്ണ് തുറക്ക്...ഗൗരി..''😢

ത്രീസ വീണ്ടും വെള്ളം തളിച്ചു..

ഒരു ഞരക്കത്തോടെ അവൾ പതിയെ കണ്ണുകൾ തുറന്നു...😕

അജു ആ നിമിഷം തന്നെ അവളെ വാരിയെടുത്ത് കാറിൻറെ അടുത്തേക്ക് പോയി...

° ഇവിടെ ഇപ്പൊ ആരാ പടക്കം പൊട്ടിച്ചത് ° 😳😳എന്ന അവസ്ഥയായിരുന്നു ത്രീസയുടെത്...

പിന്നെ ഒന്ന് പുഞ്ചിരിച്ച് അവർക്ക് അടുത്തേക്ക് പോയി...😁

°●°●°●°●°●°●°●°●°●°●°●°●°●°●°●°●°●°●°●°

വീടിൻറെ ഗേറ്റ് കടന്നതെ കണ്ടു അവരെ പ്രതീക്ഷിച്ച് നിൽക്കുന്ന പനക്കൽ ഫാമിലിയെ...

ത്രീസയും അജുവും ഡോർ തുറന്ന് പുറത്തിറങ്ങി അവരുടെ അടുത്തേക്ക് ചെന്നു...

എല്ലാവരും സന്തോഷത്തോടെ അവരെ ,അകത്തേക്ക് വിളിക്കാൻ ആഞ്ഞു...😁😁

എന്നാൽ പ്രതീക്ഷിച്ചത് എന്തോ ഇല്ലാതെ പോയ പോലെ വർഗീസിൻറെ മുഖം ഇരുണ്ടു...

എന്നാൽ അതേസമയം ഡോർ തുറന്ന് ഇറങ്ങിവരുന്ന നന്ദുവിനെ കണ്ടതും എല്ലാവരും സംശയത്തോടെ നിന്നു...

എന്നാൽ വർഗീസിന് കളഞ്ഞുപോയത് എന്തോ തിരിച്ച കിട്ടിയ സംതൃപ്തി ആയിരുന്നു... 😊😊

''മോനെ ഇവൾടെയല്ലെ അച്ഛനൊക്കെ.....ഇവളെന്താ ഇവിടെ!.''

'' ആന്റി ഇനിമുതൽ ഗൗരി ഇവിടെയാ!..''☺

''നീ എന്തൊക്കെയാ അജു ഈ പറയുന്നെ!..???''

അജുവും ത്രീസയും ഇന്ന് നടന്ന കാര്യം മുഴുവൻ എല്ലാവരോടും പറഞ്ഞു...

കേട്ട് കഴിഞ്ഞപ്പോൾ മകനെ കുറിച്ച് ഓർത്ത് വർഗീസ് അഭിമാനവും വാത്സല്യവും തോന്നി...

അവിടെ നിന്ന ചിലര് അത് ശരിവയ്ക്കുകയും ചിലര് ചടച്ചിലൂടെ നിൽക്കുകയും ചെയ്തു...

''എന്നാലും അജു കെട്ടു പ്രായം എത്തിയ ഒരു ചെക്കന നീയ്...നാളെ നാട്ടുകര് ഇതിനെകുറിച്ച് പല വേണ്ടാദീനവും പറഞ്ഞുണ്ടാക്കും...അന്ന് നീ എന്ത് ചെയ്യും...''

''അത് തന്നെ...നിനക്കിതെല്ലാം ശരിയായിരിക്കും....പക്ഷെ ഇവിടെ മറ്റുചിലരും ഉണ്ട്...ഞങ്ങൾക്ക് നാളെ പുറത്തിറങ്ങി നടക്കേണ്ടതാണ്...''

''അത് തന്നെ...മക്കൾ തെറ്റുചെയ്താൽ അത് കണ്ടറിഞ്ഞ് പറഞ്ഞ് കൊടുക്കലാണ് ത്രീസെ ഒരു അമ്മ ചെയ്യേണ്ട കടമ...അല്ലാതെ അതിനെയെല്ലാം ശരിവച്ച് കൂടെക്കൊണ്ട് നടക്കലല്ല...''

അജ്ജുവിൻറെ മറുപടിക്കായി വർഗീസ് മിണ്ടാതെ നിന്നു...കാരണം ഇവിടെ ശബ്ദിക്കേണ്ടത് അവനാണ്...

മതി നിർത്ത് ഇനിയൊരു അക്ഷരം ആരും മിണ്ടരുത്...''

അജ്ജ തീർത്തു പറഞ്ഞു...ശേഷം അകത്ത് പോയി ഒരു കുഞ്ഞു പൊതിയും എടുത്ത് പുറത്തേക്ക് വന്നു...

നന്ദു എന്തെന്നറിയാതെ അവനെ തലയുയർത്തി നോക്കി...

ആ നിമിഷം തന്നെ അതിൽ ഉണ്ടായിരുന്ന ആ ഒരു കുഞ്ഞു താലി അവൻ അവളുടെ കഴുത്തിൽ ചാർത്തി....

എന്താണ് നടക്കുന്നതെന്നറിയാതെ ചുറ്റും കൂടി നിന്നവരെ പോലെ ത്രീസയും അതിശയിച്ച് നിന്നു...

പിന്നെ പേടിയോടെ വർഗീസിനെ നോക്കി...അപ്പോൾ അവിടെ നിറഞ്ഞ പുഞ്ചിരിയാണ്... 😉😉

പിന്നെ ഒന്നും നോക്കീല...മനസ്സിൽ കൈവെച്ച് രണ്ടുപേരെയും അനുഗ്രഹിച്ചു...വർഗീസും ആ സമയം അത് തന്നെയായിരുന്നു ചെയ്തുകൊണ്ടിരുന്നത്..

''ദെ ഇനി എല്ലാരും കേക്കനായിട്ട് പറയുവാണ് മമ്മയെയും പപ്പയെയും അതുപോലെ നിങ്ങളെ എല്ലാവരെയും സാക്ഷി നിർത്തി ഗൗരിടെ കഴുത്തിൽ ഈ ഞാൻ...ഞാൻ എന്ന അജിൻ വർഗീസ് താലിചാർത്തി... ഇനി മുതൽ ഇവൾ അനാഥയല്ല...ആരും ഇനി അവളെ ആ കണ്ണിൽ കാണുകയും വേണ്ട...അജിൻറെ പെണ്ണായി ഇനി ഇവൾ ഗൗരിനന്ദ ഇവിടെ ഈ വീട്ടിൽ താമസിക്കും...ആർക്കേലും

എന്തേലും ബുദ്ധിമുണ്ട് ഉണ്ടേൽ പറഞ്ഞ മതി..നാളെ നേരം വെളുക്കുമ്പോൾ അവരെ ഞാൻ സ്വന്തം വീട്ടിൽ

കൊണ്ടുവാടാം...

പിന്ന് ഞാൻ കെട്ടിയത് എൻറെ അമ്മാമച്ചി മരിക്കുന്നതിന് മുൻപ് ഞാൻ കെട്ടുന്ന പെണ്ണിൻറെ കഴുത്തിൽ

അണിയിക്കാനായി തന്നതാണ്..

ഇനി അതിൻറെ പേരിൽ ആർക്കും ഒരു സംശയവും വേണ്ട...😊😊😊

എല്ലാം കൊണ്ടും തരിച്ചിരുന്ന നന്ദു ഇതും കൂടിയായപ്പോൾ പറയാൻ വാക്കുകൾ ഇല്ലാതെ ഉഴറി....

റൂമിലെത്തിയ അജ്ജു അവളെ പിടിച്ച ഒരു ചെയറിൽ ഇരുത്തി....അവൾക്ക് അഭിമുഖമായി അവനും ഇരുന്നു...

ഇത്രയും തന്നെ ശകാരിക്കുകയും കുറ്റപ്പെടുത്തുകയും മാത്രം ചെയ്ത സർ ഇന്ന് തൻറെ കഴുത്തിൽ

താലികെട്ടിയിരിക്കുന്നു...അതു തൻറെ അനുവാദം

ഇല്ലാതെ...എന്തുകൊണ്ടോ അവൾക്ക് അവനോട് ദേഷ്യവും വെറുപ്പും വന്ന് കൂടി..😞😞

എന്നാൽ കുറച്ച് മുൻപ് ഇതേ സർ കാരണം ആണ് വൃത്തികെട്ടവൻറെ കയ്യിൽ നിന്നും ഞാൻ രക്ഷപ്പെട്ടത്...ഇല്ലായിരുന്നെങ്കിൽ ഒരുപക്ഷെ ഞാൻ......😭😢😢😢

ഞാൻ...ഞാൻ എന്തുചെയ്യണം ദൈവമേ...ഒരു ദിവസം കൊണ്ട് എന്തെല്ലാം മാറ്റങ്ങളാണ് എൻറെ ജീവിതത്തിൽ ഞാൻ പോലും അറിയാതെ....😭😭😭😭

അവളുടെ ഏങ്ങൽ ശബ്ദം പുറത്തേക്ക് വരാൻ തുടങ്ങി...

''ഗൗരി'' ☺വളരെ ശാന്തമായി അവൻ വിളിച്ചു...

നിസ്സഹായതയോടെ നോക്കാനെ അവൾക്ക് കഴിഞ്ഞുള്ളൂ..😶

''ഗൗരി മോളെ നിനക്ക് ഇപ്പോൾ ഒരം സംശയങ്ങൾ ഉണ്ടാവും എന്നെനിക്കറിയാം..അതിന് എല്ലാത്തിനും ഉള്ള ഉത്തരം എനിക്ക് പറയാനും കഴിയും...''☺

''പക്ഷെ അതിനുമുമ്പായി അവനെ നിനക്ക് അറിയുമോ എന്നു പറയണം...''

''മ്മ് എനിക്കറിയാം...''

യാതൊരു ഭാവഭേതവും ഇല്ലാതെ അജു അവളെ കേട്ടിരുന്നു...

'' എനിക്കറിയാം സർ അവനെ...'സ്റ്റീഫൻ'..അച്ഛൻെറ ഉറ്റ സുഹൃത്തിൻെറ അല്ല....അച്ഛൻെറ കള്ളു കുടിയിലെ ഉറ്റ സുഹൃത്ത് പള്ളിവീട്ടിൽ തോമസ്...

പള്ളിവീട്ടിൽ തോമസിൻെറ മകൻ സ്റ്റീഫൻ...☹☹☹

എന്നൊ ഒരിക്കൽ കള്ളിൻറെ പുറത്ത് അച്ഛൻ അയാൾക്ക് കൊടുത്ത വാക്ക്...ജാതിയും മതവും ഒന്നും പ്രശ്നമല്ല...സ്റ്റീഫനും ഞാനുമായുള്ള വിവാഹം...😞😞😢😢

ഈ വാർത്ത എൻറെ കാതിൽ എത്തിയപ്പോൾ തന്നെ ഞാൻ മുളയിലേ നുള്ളിയതാണ്...😞😞😞

അതിൻറെ എല്ലാവിധ അമർഷവും അപ്പനും മോനും എന്നോടു ഉണ്ടായിരുന്നു....😞😞😞

എന്നാൽ പിന്നീട് അവൻറെ സ്വഭാവം എനിക്ക് പോലും മനസ്സിലാക്കാൻ പറ്റാത്തതായിരുന്നു...

കാരണം...ഒരു പെങ്ങളെ പോലെ എന്നെ സ്നേഹിക്കുകയും കെയറിംഗും ഒക്കെ ആയിരുന്നു...

ഒരു ദിവസം അവൻ എന്നോട് മാപ്പും പറഞ്ഞതാണ്...

എനിക്ക് ഒരു അനിയത്തി ഉണ്ട്...ഇനിമുതൽ നന്ദു എനിക്ക് അവളെ പോലെയായിരിക്കും എന്നൊക്കെ പറഞ്ഞു...അമ്മയ്ക്ക് സുഖമാല്ലാതായപ്പോൾ രാത്രി ഒറ്റയ്ക്ക്

*ഹോസ്പിറ്റലിൽ നിക്കണ്ടാന്ന് പറഞ്ഞ് അയാൾടെ പെങ്ങൾടെ കൂടെ എന്നെ വീട്ടിലേക്ക് പറഞ്ഞയക്കുകയും hospital ബില്ല് അടക്കുകയും എല്ലാ ചെയ്തു അയാളാ...*

*പക്ഷെ ഞാൻ...ഞാൻ ഞാനിവിടെ ജോലിയ്ക്ക് വരാൻ തുടങ്ങിയപ്പൊ മുതൽ അയാളെയോ അയാൾടെ പെങ്ങളെ കുറിച്ചൊ എനിക്ക് യാതൊരു അറിവും ഇല്ലായിരുന്നു...*

*ഇതിനിടയ്ക്ക് അയാളുടെ അച്ഛൻ തോമസ് മരിച്ചു എന്ന് കേട്ടു...*

*പക്ഷെ അവരെ കുറിച്ച് എനിക്ക് ഒരറിവും ഇല്ലാത്തത് കൊണ്ട് ഞാൻ അത്ര കാര്യാക്കീല...*

*പക്ഷെ അവസരം കണക്കാക്കി അയാൾ ഇ..ഇങ്ങനെയൊക്കെ....എനിക്ക് ഇപ്പഴും വിശ്വസിക്കാൻ കഴിയുന്നില്ല..അയാൾ....എൻ്റെ...പുറകെ തന്ന് ഉണ്ടായിരുന്നൊ അപ്പൊ...എ..എനിക്ക് അറിയില്ല..."😭😭😭😭😭*

ഏങ്ങിയേങ്ങി കരയുന്ന ഗൗരിയെ അവൻ തലയിൽ തഴുകി ആശ്വസിപ്പിച്ചു...😭😭

''ഗൗരി സാരില്ല...പോട്ടെ...ഇനി അവൻറെ ഒരു ശല്യവും നിനക്ക് ഉണ്ടാവില്ല...കേട്ടല്ലോ...''??😊😊😊

''മ്മ്...''😢

''മ്മ്.. കഴിഞ്ഞതൊക്കെ കഴിഞ്ഞു.. ഇനി അതാലോചിച്ച് ഈ കുഞ്ഞു തല പുകയ്ക്കണ്ട...കേട്ടല്ലോ...''😢😢

അവളൊരു നനുത്ത പുഞ്ചിരി നൽകി...

''ഇനി എനിക്ക് തന്നോട് കുറച്ച് കാര്യങ്ങൾ പറയാനുണ്ട്..''😁

എന്തെന്നറിയാൻ അവൾ അവൻറെ മുഖത്തേക്ക് നോക്കി...😟

''ഗൗരി ഒരു പെണ്ണിനും അംഗീകരികരിച്ചു തരാൻ കഴിയാത്ത ഒരു കാര്യമാണ് ഞാനിപ്പോൾ നിന്നോട് ചെയ്തത്...നിൻറെ കഴുത്തിലെ താലി..അറിയാം ഗൗരി എനിക്ക്..ഇതുവരെ നിനക്ക് ഇത് ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടും ഉണ്ടാവില്ലെന്ന്.

ഈ ഒരു സമയം എനിക്ക് ഇതല്ലാതെ മറ്റൊന്നും ചെയ്യാൻ കഴിയില്ല..

പക്ഷെ ഞാൻ ചില തീരുമാനങ്ങൾ ഒക്കെ എടുത്തിട്ടും ഉണ്ട്...അതെല്ലാം അതുപോലെ നീ അനുസരിക്കുകയും വേണം..കേട്ടല്ലൊ...''

ഒരു കൊച്ചു കുട്ടിയോടെന്നപോൽ അവൻ അവളോട് പറഞ്ഞു...

''മ്..''

''എന്താണെന്നു വെച്ചാൽ....ഇനി മുതൽ നീ ഇവിടത്തെ വേലക്കാരിയായിരിക്കില്ല...''

എന്തെന്നു മനസ്സിലാവാതെ അവൾ അവനെ നോക്കി..

''യ്യോ..ഇങ്ങനെ നോക്കിപേടിപ്പോക്കല്ലെ...ഞാൻ ബാക്കിയും കൂടെ പറയട്ടെന്നെ....''

ഒരു കുഞ്ഞു പുഞ്ചിരിയാലെ അവൾ അവനെ ശ്രവിച്ചിരുന്നു...

''ഗൗരി ഇനിമുതൽ നീ അടുക്കളയിലേക്കല്ല...കോളേജിലേക്കാൻ പോകാൻ പോവുന്നത്...

ഞങ്ങൾടെ കോളേജിൽ അല്ല... നമ്മടെ കോളേജിൽ നിനക്ക് ഞാൻ ഡിഗ്രി അഡ്മിഷൻ ശരിയാക്കിയിട്ടുണ്ട്... നിർത്തിവെച്ച നിൻറെ പഠനം നീ വീണ്ടും തുടങ്ങണം...

അതുകഴിഞ്ഞ് അടുത്തത് എന്താണോ നിൻറെ പ്ലാൻ അത് അതുപോലെ നമുക്ക് ചെയ്യാം...

ഗൗരി ഇപ്പോൾ നീ ചെറുതാണ്... ഒരുപക്ഷെ ഞാൻ പറയുന്നതിൻറെ അർത്ഥം നിനക്ക് മനസ്സിലായിക്കോളണം എന്നില്ല...പക്ഷെ സാഹചര്യം അനുസരിച്ച് നീ അത് മനസ്സിലാക്കാൻ ശ്രമിക്കണം...

ഒരു പെണ്ണിനെ സംബന്ധിച്ച് അവൾക്ക് അവളുടെ താലി വളരെ വിലപ്പെട്ടതാണ്...അതുകൊണ്ട് തന്നെ ഇത് ഊരിവെക്കണം എന്ന് ഒരിക്കലും ഞാൻ പറയില്ല...

നിൻറെ ലക്ഷ്യങ്ങളെല്ലാം നീ പൂർത്തീകരിച്ച് കഴിയുമ്പോൾ... പൂർത്തീകരിച്ച് നീ വലുതായി എന്ന് നിനക്ക് ബോധ്യം വരുന്ന നാൾ...അന്ന്...അന്ന് നിനക്ക് ഈ താലിയുടെ കാര്യത്തിൽ ഒരു തീരുമാനം എടുക്കാം...

അതായത് ഈ താലി നിനക്ക് തുടർന്ന് വേണൊ വേണ്ടയൊ എന്ന്...

എന്ത് പറയുന്നു..."

അവൻറെ മനസ്സിലെ ശുദ്ധിമനസ്സിലാക്കിയപ്പോൾ അവളുടെ കണ്ണിൽ നിന്നും ഒഴുകിയത് സന്തോഷത്തിൻറെയും സമാധാനത്തിൻറെയും തെളിനീരാണ്...

അതങ്ങനെ ഒഴുകിക്കൊണ്ടിരുന്നു...

''ഗൗരി ഇനിയും ഇങ്ങനെ കരയല്ലെ...എന്താ നിൻറെ തീരുമാനം...എന്ത് പറയുന്നു...''

സമ്മതമെന്നോണം അവൾ തലയനക്കി...

''ഇപ്പൊ ഇതൊക്കെ മറക്കാൻ നിനക്ക് കുറച്ച ബുദ്ധിമുട്ട് ഉണ്ടാവും എന്നെനിക്കറിയാം..പക്ഷെ നീ വെറുതെ ഇരിക്കുന്നതിനനുസരിച്ച് ഓരോന്ന് ഓർത്ത് കൂട്ടി നിൻറെ മനസ്സിനെ അത് വല്ലാതെ ഉലയ്ക്കും.. സൊ അത്യാവശ്യമുള്ള സാധനങ്ങളെല്ലാം വാങ്ങാൻ നാളെത്തന്നെ നമ്മൾ ഷോപ്പിംഗിനു പോന്നു...അതുകഴിഞ്ഞ് അടുത്ത ദിവസം തന്നെ കോളേജിലേക്ക്....''

ഒരു ചെറു ചിരിയോടെ അവൻ പറഞ്ഞു നിർത്തിയതും

അവളും അവനായ് ഒരു ചിരി സമ്മാനിച്ചു...

''ഓ ഇനിയെങ്കിലും ഒന്ന് വായ്തുറക്കെൻറെ ഗൗരി....''

''ശരി സർ...''

''ആ എപ്പഴും smart ആയി ഇരിക്കണം...കേട്ടല്ലോ...??''

''മ്മ്..''

''എന്ന താൻ fresh ആയിക്കൊ...ഞാൻ താഴെചെന്ന് വർ

ഗീസിനെയും ത്രേസിയേയും കണ്ടിട്ട് വരാം...''

''ആ...''

ഒന്ന് പുഞ്ചിരിച്ചുകൊണ്ട് അവൾ fresh ആവാൻ കയറി....

Fresh ആയി ഇറങ്ങയപ്പോഴേക്കും അജു എത്തിയിരുന്നു...

''ഗൗരി ഞാ..ഞാൻ വിചാരിച്ചത് പോലെ ദേ..ദേഷ്യമൊന്നും ഇല്ല അവർക്ക്...സ..സന്തോഷം...നിറഞ്ഞ സന്തോഷം ...രണ്ടുപേർക്കും...''

അതുപറയുമ്പോൾ അവൻറെ കണ്ണുകളും നിറഞ്ഞിരുന്നു...

><><>><<><><><><><>><><><>

പിറ്റേന്ന് തന്നെ അവർ ഷോപ്പിംഗിന് പോയി..കോളേജിലേക്ക് വേണ്ട എല്ലാം വാങ്ങി...

അതുകഴിഞ്ഞ് കോളേജിലേക്കും..

''അമ്മെ ഞാ..ഞാനെന്ന...''

''പോയിട്ട് വാ മോളെ..ഞാൻ പറഞ്ഞതല്ലെ...എല്ലാം ശരിയാവുംന്ന്...മോൾടെ മനസ്സ് കാണാതിരിക്കാൻ ആർക്കാ കഴിയാത്തത്...

പിന്നെ ഇനി 'അമ്മ' എന്ന വിളി വേണ്ട..ഇവൻ വിളിക്കുന്ന പോലെ മമ്മ ന്നും പപ്പ ന്നും വിളിച്ച മതിട്ടൊ..പിന്ന്

ഇനിമുതൽ ഇവൻ നിനക്ക് 'സർ' അല്ല... 'ഇച്ചായൻ... ഇച്ചായൻ' എന്നു വേണം വിളിക്കാൻ... കേട്ടോ...''

''അത് അ...അല്ല മമ്മ ഞാ..ഞാൻ ''

''ആ എന്നെ മമ്മന്ന് വിളിക്കാവെങ്കി ഇവനെ ഇച്ചായാന്നും വിളിക്കാം....ഒന്നു വിളിച്ചെ കേക്കട്ടെ...''

'അത്...'അവൾ അജുവിനെ നോക്കി..അവനും കേൾക്കാനായിരിക്കുന്ന പോലെ തോന്നി അവൾക്.

''ഇച്ചായാ..''

ഒന്നു മടിച്ചാണെങ്കിലും അവൾ വിളിച്ചു...

''എന്തൊ...എന്ന നമുക്ക് ഇറങ്ങാം...''

പെട്ടെന്നുള്ള അവൻറെ മറുപടിയിൽ അവിടം മുഴുവൻ നിറഞ്ഞ ചിരി ഉയർന്നു കേട്ടു...

7 വർഷങ്ങൾക്ക് ശേഷം...

------------------------

ഉച്ചയ്ക്കുള്ള റൗൺസ് കഴിഞ്ഞ് ക്യാബിനിലേക്ക് വന്നു..

തൻറെ മുൻപിലെ name board ലേക്ക് നോക്കി ശ്വാസം വലിച്ച് വിട്ട് കുസൃതി ചിരിയാലെ അവളാ ചെയറിലേക്ക് ചാഞ്ഞിരുന്നു...

''Dr.Gourinanda MBBS MD ''

പനക്കൽ വീട്ടിൽ നിന്നും ഹോസ്റ്റലിലേക്ക് താമസം മാറിയിട്ട് ഇന്നേക്ക് 7 വർഷം...

7 വർഷങ്ങൾക്ക് ശേഷം വീണ്ടും ഞാൻ ആ വീട്ടിലേക്ക്...

🎶ജീവാംശമായി താനെ നീയെന്നിൽ
കാലങ്ങൾ മുന്നേ വന്നു
ആത്മാവിനുള്ളിൽ ഈറൻ തുമഞ്ഞായ്
തോരാതെ പെയ്തു നീയേ
പൂവാടി തേടി പറന്നു നടന്ന ശലഭമായ് നിൻ
കാല്പാട് തേടി അലഞ്ഞു ഞാൻ

ആരാരും കാണാ മനസ്സിൻ ചിറകിലൊളിച്ച മോഹം

പൊൻപീലിയായ് വളർന്നിതാ♫♫

നിർത്താതെയുള്ള ഫോണിൻറെ റിംഗ് ആണ്അവളെ

ചിന്തകളിൽ നിന്നും ഉണർത്തിയത്...

മമ്മ calling...

Hello...

Hello മോളെ നീ ഇറങ്ങീലെ...

ആ മമ്മ ഇറങ്ങുവ..ഉച്ചയ്ക്കത്തെ റൗൺസ് കഴിഞ്ഞ് ഇങ്ങ്

വന്നേ ഉള്ളൂ...ഇപ്പൊ ഇറങ്ങും...ഒരു 4.00 ആവുമ്പൊ അങ്ങ്

എത്തും ട്ടൊ..

ആ..ആ എന്ന വേഗം ഇറങ്ങ് ട്ടൊ..

ശരിയെൻറെ ത്രേസി കൊച്ചെ...

ഡീ കാന്താരി....

ആ.. ഞാൻ വെക്കുവ...

********

നാല് മണിയോട് അടുത്തപ്പോൾ പനക്കൽ എന്നെഴുതിയ ആ ബംഗ്ലാവിനു മുന്നിൽ അവളിറങ്ങി...

അവൾ കാണുകയായിരുന്നു അവിടെയുള്ള എല്ലാവരെയും.. അന്ന് തൻറെ ബന്ധത്തിന് വിള്ളല് വരുത്താൻ ശ്രമിച്ചവർ ഇന്ന് തന്നെ ഇരുകൈയും നീട്ടി സ്വീകരിക്കാൻ മുമ്പിൽ തന്നെ..

എല്ലാവരും സന്തോഷത്തോടെയും സ്നേഹത്തോടെയും അതിലുപരി വാത്സല്യത്തോടെയും അവളെ സ്വീകരിച്ചിരുത്തി...

നന്ദു ചുറ്റിനും നോക്കി..അന്ന് താൻ ഉണ്ടായിരുന്നപ്പോൾ ഉള്ളതുപോലെ തന്നെ...ഒരു മാറ്റവും ഇല്ല...

''മമ്മ ഇച്ചായൻ എവിടെ കണ്ടില്ലല്ലോ...??''

''അവൻ ഏതൊ friend ൻറെ വീട്ടിൽ പോയതാ മോളെ...ഇപ്പൊ എത്തും...''

''മ്മ്...''

^^^^^^^^^^^^^^^^^^^^^^^^^^^^^^

6.00 യോട് അടുത്തപ്പോൾ അജു വന്നു...

പിന്നെ എല്ലാരും കൂടെ hall ൽ ഇരുന്ന് വിശേഷം ചോദിക്കലും പറയലും ഒക്കെയായി സമയം തള്ളി നീക്കി...

ഗൗരി അജുവിനെ ശ്രദ്ധിച്ചു...

പണ്ടത്തെ പോലെ തന്നെ...രൂപത്തിലും ഭാവത്തിലും ഒരു മാറ്റവും ഇല്ല..

എല്ലാവരുടെ മുമ്പിലും വളരെ സന്തോഷത്തിൽ...എന്നാൽ ഇടയ്ക്ക് തന്ന് നോക്കുമ്പോൾ മാത്രം ആ കണ്ണുകളിൽ വിഷാദഭാവം വരുന്നു...

എന്തായിരിക്കും കാരണം...??

ദീർഘനേരത്തെ ആലോചനയ്ക്ക് ശേഷം മനസ്സിലായെന്ന പോൽ അവളുടെ ചൊടികളിൽ കുഞ്ഞു ചിരി തത്തി കളിച്ചു...

പിന്നെ വീണ്ടും അവരുടെ ഒപ്പം കൂടി..

ഉറക്കം കണ്ണുകളെ മാടി വിളിക്കാൻ തുടങ്ങിയപ്പോൾ ഓരോരുത്തരായി സ്വന്തം റൂമുകളിലേക്ക് ചേക്കേറി...

റൂമിലേക്ക് പോവാൻ നിന്ന ഇച്ചായനെ ഞാൻ വിളിച്ചു...

''ഇച്ചായാ...''

''ആ..എന്താ ഗൗരി...''

''ഇച്ചായന് ഉറക്കം വരുന്നുണ്ടോ...?''

''കാര്യായിട്ട് ഇല്ല.. എന്നാലും ഉണ്ട്...എന്തെ...??''

''അല്ല നമുക്ക് ഒന്ന് പുറത്തിറങ്ങിയാലോ...''??

''ഏഹ്...ഈ തണുപ്പത്ത്...ഈ രാത്രി...നിനക്കെന്താ ഗൗരി പറ്റിയെ..''

''ഇച്ചായാ...Iam really serious....എനിക്ക് കുറച്ച് കാര്യങ്ങൾ സംസാരിക്കാൻ ഉണ്ട്...ദൂരെയൊന്നും വേണ്ട...മുറ്റത്ത് തൊടിയില് വരെ...''

''മ്മ്...serious ആണേൽ ok..''

പെയ്യാൻ വെമ്പി നിക്കുന്ന മഴയെ അവഗണിച്ച് അവർ തൊടിയിലേക്ക് നടന്നു..

കുറച്ച് നേരത്തെ മൗനത്തെ ഭേദിച്ചുകൊണ്ട് ഗൗരി പറഞ്ഞുതുടങ്ങി...

''ഇച്ചായാ...''

''മ്മ്..''

ഇച്ചായാ ഞാനിപ്പൊ എൻറെ ലക്ഷ്യമെല്ലാം നിറവേറ്റീലെ...

ഏഏഹ്...

ഞാനിപ്പൊ എൻറെ ലക്ഷ്യമെല്ലാം നിറവേറ്റീലേന്ന്....

ആ..എന്ന് നിനക്ക് തോന്നുന്നുണ്ടെങ്കിൽ ok...

മ്മ്..ഞാൻ വല്യതായില്ലേ...??

ഏഏഹ്..ആ ആയിരിക്കണം...

അവൾ പറഞ്ഞപ്പോൾ തന്നെ അവന് കാര്യം

മനസ്സിലായി...കണ്ണുകളിൽ വിഷാദഭാവം തെളിഞ്ഞുനിന്നു...

ഏ...ആയിരിക്കും അല്ല...ആയി..

ആ ആയെങ്കി ആയി...

ഇച്ചായൻ അന്ന് എന്നോട് പറഞ്ഞിരുന്നില്ലെ...

എന്ത്...??

ഈ താലിയിൽ തീരുമാനം....

മ്ഛ്...വളരെ പ്രയാസപ്പെട്ട് അവൻ മൂളി...

ഇച്ചായാ ഞാൻ തീരുമാനിച്ചു...എനിക്ക് ശരി എന്ന് തോന്നുന്ന തീരുമാനം ഞാൻ തിരഞ്ഞെടുത്തു...

അറിയണ്ടേ ഇച്ചായന് എന്താ എൻറെ തീരുമാനംന്ന്...

ഒരുനിമിഷം തൻറെ ശ്വാസം നിലയ്ക്കുന്നതായി തോന്നി അജുവിന്...

''ഇച്ചായാ...ഗൗരിനന്ദ ..ആയിട്ടല്ല.... ഗൗരി അജിൻ വർഗീസ് ആയിട്ട് ജീവാക്കാനാ ഞാൻ ആഗ്രഹിക്കുന്നെ...ഈ ജന്മവും ഇനിയുള്ള ഏഴ് ജന്മവും... ഇച്ചായൻറെ ഗൗരി♡ ആയി ജീവിക്കാനാ എനിക്ക് ഇഷ്ടം...

പറഞ്ഞുകഴിഞ്ഞതും അവൾ അവനെ നോക്കി...

ചാലിട്ടൊഴുകുന്ന കണ്ണുനീർ തുടച്ചുപോലും കളയാതെ അവൾ പറഞ്ഞ വാക്കുകളിൽ കുടുങ്ങി നിൽക്കുകയായിരുന്നു അവൻ...

''ഇച്ചാ..യാ..''

അല്പം പതർച്ചയോടെ അവൾ വിളിച്ചു...

അടുത്ത നിമിഷം തന്നെ അവൻ അവളെ ആഞ്ഞു പുൽകി നെറുകി സ്നേഹ മുദ്രണം നൽകി.. ഒരിക്കലും കൈവിടില്ലെന്ന രീതിയിൽ...

നിറമുള്ള സ്വപ്നങ്ങൾ മാത്രം നിറഞ്ഞു നിൽക്കുന്ന ആ സുന്ദര രാത്രിയ്ക്ക് അഴകേകി കാർമേഘങ്ങൾ വാനിൽ വിരുന്നൊരുക്കി തൻറെ സഖിയെ കാത്തു നിന്നു... അല്പനേരത്തെ കാത്തിരിപ്പിനൊടുവിൽ തണുത്ത കാറ്റിനൊപ്പം മഴയും മണ്ണിലേക്കുള്ള തൻറെ വരവറിയിച്ചു..

ആ മഴയിലൂടെ വർഷങ്ങളായി തങ്ങിനിന്ന അവൻറെ കണ്ണിലെ വിഷാദവും മണ്ണിലേക്ക് ഒരിക്കലും ഉയർ ത്തെഴുന്നേൽക്കാത്ത രീതിയിൽ ലയിച്ചു ചേർന്നു....

SMRITHI KEERTHANA
10 B

# നമ്പർ 6 സ്കൂൾ ബസ്




നമ്പർ സിക്സ് ബസ് ഓടിക്കുന്ന ഡ്രൈവർ പ്രിൻസിപ്പിലിൻെറ മുറിയിൽ നിന്ന് സങ്കടത്തോടെ ഇറങ്ങിവരുന്നത് മിലി കണ്ടു . പാവം അയാളെ പ്രിൻസിപ്പൽ നന്നായി വഴക്കു പറഞ്ഞു കാണും . അയാൾ അമിത വേഗതയിൽ വണ്ടി ഓടിച്ചതു കൊണ്ടാണ് ചുവപ്പ് കാറിനെ ഇടിച്ചതെന്നാണ് എല്ലാവരും വിശ്വസിച്ചിരിക്കുന്നത്. ഇടി കിട്ടി

മറിഞ്ഞ ആ കാർ കള്ളന്മാരുടേതായതു നന്നായി. അതുകൊണ്ടാണ് പോലീസ് നമ്പർ സിക്സ് ബസ്സിൻെറ ഡ്രൈവറുടെ പേരിൽ കേസെടുക്കാതെ വിട്ടത്. കാറിൽ നിന്ന് രക്ഷപ്പെട്ട കള്ളന്മാരെ ഇതുവരെ പിടികിട്ടിയില്ല. പോലീസ് എല്ലായിടത്തും തിരയുന്നുണ്ട്. താൻ ബ്രേയ്ക്കിട്ടിട്ടും നിൽക്കാതെ നമ്പർ സിക്സ് ബസ് പായുകയായിരുന്നുവെന്ന് ഡ്രൈവർ പറഞ്ഞത് പ്രിൻസിപ്പൽ വിശ്വസിച്ചിട്ടില്ലെന്ന് മിലിക്കു മനസ്സിലായി. അതാണ് ഡ്രൈവർക്ക് ഇത്ര വിഷമം. ഇതിങ്ങനെ പോയാൽ ശരിയാവില്ല. അയാളുടെ കുറ്റം കൊണ്ടല്ല അപകടമുണ്ടായത്. മാന്ത്രിക ശക്തിയുള്ള നമ്പർ സിക്സ് ബസാണ് കാറിനെ മനഃപൂർവ്വം ഇടിച്ചത്. പ്രിൻസിപ്പലിനെ കണ്ടു സത്യം പറയണമെന്നു മിലി തീരുമാനിച്ചു. അവൾ പതിയെ പ്രിൻസിപ്പലിൻെറ മുറിയിലേക്കു നടന്നു. നടക്കുന്നതിനിടെ അവൾ താഴെ ബസ് ഷെഡിലേക്കു നോക്കി. അവിടെ നമ്പർ സിക്സ് ബസ്

ഒന്നുമറിയാത്തതുപോലെ കിടക്കുന്നു . ഇന്നലത്തെ അപകടത്തിൽ ബസിൻെറ മുൻഭാഗം കുറച്ച് പൊളിഞ്ഞിട്ടുണ്ട് . മിലി ബസിനെ നോക്കിയതും ബസിൻെറ ഹെഡ് ലൈറ്റുകൾ പെട്ടെന്ന് കത്തിയണഞ്ഞു ! ഒറ്റ സെക്കൻെറ് മിലി ചുറ്റും നോക്കി . ഇല്ല മറ്റാരും അതു കണ്ടില്ല . മിലി പ്രിൻസിപ്പലിനെ കാണാനുള്ള ആലോചന ഉപേക്ഷിച്ച് താഴേക്കിറങ്ങി ബസ് ഷെഡിലേക്കു വേഗത്തിൽ നടന്നു . അവൾക്കു നല്ല ദേഷ്യം വരുന്നു . ബസ് ഷെഡിൽ നമ്പർ സിക്സ് ബസല്ലാതെ ആരുമില്ല . അവൾ ബസിൻെറ അടുത്തേക്കു നടന്നു . "എന്തിനാ നീയിങ്ങനെ എന്നെ പേടിപ്പിക്കുന്നത്? ഞാൻ നിൻെറ കാര്യം പ്രിൻസിപ്പലിനോടു പറയാൻ പോവുകയാണ്" മിലി പതിയെ ബസിനോട് പറഞ്ഞു . നമ്പർ സിക്സ് ബസ് മറുപടിയൊന്നും പറഞ്ഞില്ല . അവൾ അൽപനേരം കാത്തുനിന്നു . ഇല്ല ബസിന് ഒരനക്കവുമില്ല . "നീ കാരണം ആ പാവം

ഡ്രൈവർക്ക് വഴക്കു കിട്ടി . ഇനി നിന്നെ ഞാൻ ഇങ്ങനെ വിടില്ല" മിലി ഉറക്കെ പറഞ്ഞു . പിന്നെ തിരിഞ്ഞു നടന്നു . “ മിലി..... പ്രിൻസിപ്പിലിനോട്ടു പറയല്ലേ"  പെട്ടെന്ന് ബസ് മിണ്ടി തുടങ്ങി . “ആ കാറിൽ കള്ളൻമാരായതു കൊണ്ടാണ് ഞാൻ ഇടിച്ചത്. കണ്ടില്ലേ എനിക്ക് നല്ല പരിക്കുണ്ട്. ഇനി ഞാൻ അങ്ങനെയൊന്നും ചെയ്യില്ല"  ബസ് പറഞ്ഞു മിലി ഒരു നിമിഷം . മിലി സംശയിച്ചു നിന്നു പെട്ടെന്നു ബെല്ലടിച്ചു . ബസ് പറഞ്ഞു നമ്മുക്ക് സുഹൃത്തുക്കളാവാം .മിലിയാണ് എന്റെ ബെസ്റ്റ് ഫ്രണ്ട്. പിറ്റെ ദിവസം മിലി സ്കൂളിൽ വന്നപ്പോൾ  ബസ് നമ്പർ സിക്സ് കാണുന്നില്ല .ബസിനെ സ്കൂളുക്കാർ വിറ്റോ എന്ന സംശയം കൊണ്ട് ക്ലാസ്സിലേക്ക് പോയി .

***- ALEN BASIL***
***VII-B***

# *The Alchemist*

Alchemy, the process of transforming a thing with an objective to purify , mature and perfect it to the best . Alchemy was initially a philosophical and protoscientific tradition practised in Europe . A teacher too upholds this process of transforming a student , thereby perfecting him in all realms of human life . We are often familiar with the theological theory of human origin in which it describes the creation of human beings as they are created in the shape and nature of God himself , to be precise 'In His  Image '. So do a teacher , the purpose of a teacher is not to create people 'In His own Image' rather to create  them so that

they have their 'own image' in this world . A real teacher is a western star that directs the travellers to the right direction .

Indian tradition also imparts a great deal of importance to a teacher and is evident in our often quoted dictum *“Matha Pitha Guru Daivam”* . Where guru takes a place in par with God . We the people of India possess a great tradition which contains a jargon of great teachers including *Vathmiki* and *Ezuthachan* . But to quote it as unfortunate would be a tragedy as an Indian , but for now let's consider it as an ill-fortunate , that we have lost the sacred bond between teachers and students . This seem to be a great

transition that affected not only the relationship between students and teachers , rather it affected each and every social relationships thereby leading to mal-behaviours in a society . In the past a teacher had the role of a judge , who can analyse things objectively and with utmost sincerity , but nowadays the seen changed , even the attitude of teachers towards teaching has undergone a dramatic alchemy .

Many reasons are often addressed by many people as the key to this transition which includes the way they look upon life and the world . My dear students , consider not , who might be your teacher , what might be their


behaviour , let you not to trouble by arguing or retaliating against them . For we are descendants of a great group of people who venerated a Teacher along with God . Modern facilities and the still persisting intellectual and cultural colonisation are to be blamed for this change . Men himself become a stranger in this Man-made world , enclosing themselves to 'selfies' . Human values and human relationships are undermind and technology and the momental pleasures are given more important . We are already at the Edge , and now it is time for us to take up the call for a change , a walk back to the close relationships and an era where human values are given more importance over momental “selfies” .

Teachers should be the torch bearers for this change . A transition which will determine the future course of the entire world . So a teacher should be an Alchemist that tranforms an ill affecting things to a precious thing in a mysterious way . Let me conclude my words , let us engrave this to our hearts and march towards it .

"True teachers use themselves as bridges over which they invite their students to cross , then , having facilitated their crossing joyfully collapse , encouraging them to create bridges of their own"

-Mrs.Kochumariamma
Biology teacher

# CALLIGRAPHY




*-Angel Mariya Joyson*

*8-c*

*ESSAY*

# *Innovative idea of zero plastic waste*

*Million tons of single-use plastics are produced every year in our country India, most of which cannot be recycled. Once it's used, it's thrown in the garbage. It's extremely harmful to the life of animals, plants and humans. That is why it has been continuously*

*banned by the Government of India as well.*

*In common language, we call single-use plastic disposable plastic. All the plastic products which we cannot use after using them once are called single-use plastics.They are made at very low cost, hence it has become the most widely used product today. Although it does not cost much to buy and use it, after throwing it, a lot of money is spent on its waste, cleaning and*

*destroying it and in this process, there is a lot of damage to the ecology.Single-use plastics include plastic bags, polythene, straws, plastic glasses, plastic soda and water bottles, plastic cups, plates, disposable products and food packaging items. All of these are used only once and are thrown away as waste for recycling*

*Single-use plastics are non-biodegradable and usually go under the ground where*

*it gets buried or it goes into the water and after a few days it goes into the sea through rivers and streams. Plastics break down intosmaller particles by entering soil and water bodies, but they don't decompose. Single-use plastics live in soil and water for more than a 1 hundred years and release toxic chemicals thus harming our beautiful planet and environment.The use of single-use plastic is very*

harmful to humans, animals and sea creatures. In water aquatic animals consume plastic particles along with their food. Plastic cannot be digested and thus gets stuck in their gut and causes serious health problems.It's very often, animals eat plastic bags along with food items from the waste, which leads to their death. Plastic bags that enter water bodies are a major cause of water pollution and also badly affect the quality level of

*groundwater. Production of plastic bags releases toxins that can cause serious illness in those involved in its production. When single-use plastic is destroyed by burning, it becomes a major cause of environmental pollution. A polluted environment is a major cause of various diseases in humans.*

*The act or feeling of separating or removing something from ourselves is called elimination.*

*Elimination of single-use plastic is very important for human life as well as for the benefit of all living beings. Although the Government of India has been continuously banning the use and sale of plastic, how will it be possible to eliminate it until we stop using it ourselves? Looking at the harmful effects of plastic, we should immediately throw it out of our lives. We can use cloth bags instead of plasticbags for carrying goods. The use*

*of paper disposals will save the environment from harm.*

*Our environment is the main basis of our life. If we can't do anything better for it, then at least we should not waste it. To protect our environment and the animals living in it, we should completely eliminate single-use plastic so that we and our environmental friends can breathe in a happy environment. Our government has also set a*

*target to make India free from plastic by 2022. Together we all should give our participation in this initiative of the government.*

*-Chandana s*

*10 A*

# *THROUGHOUT THE YEAR*




MARTHOMA DIONYSIUS MEMORIAL HIGHER SECONDARY SCHOOL
THONDERNAD.Ph:04935-235423
UNDER THE CORPORATE MANAGEMENT OF SO.ST. MOUNT TABOR . PATHANANAPURAM KOLLAM.DT
THANK YOU